PL-INST. JAN'93

# കേരള സാക്ഷരതാ സമിതി

## സാക്ഷരതാ യജ്ഞം
## രണ്ടാംഘട്ടം

11423.

12497

എം.ടി. / ഐ.ടി.മാർക്കുള്ള പരിശീലന കുറിപ്പുകൾ
(മൂല്യനിർണ്ണയം, അക്ഷരസംഘം, ജനവിദ്യാകേന്ദ്രം)

11423.

# അക്ഷര സംഘങ്ങൾ, ജനവിദ്യാ കേന്ദ്രങ്ങൾ എന്നിവയ്ക്കുള്ള പ്രസക്തി, അവയുടെ ഘടന, ബഹുജന പിന്തുണയോടും, ജനപങ്കാളിത്തത്തോടും ഉള്ള അവയുടെ നടത്തിപ്പ്

സമ്പൂർണ സാക്ഷരതാ പദ്ധതിയുടെ വിവിധ ഘട്ടങ്ങളിൽ നിരക്ഷരരെ സാമൂഹ്യ വികസനത്തിന്റെ മുഖ്യധാരയിൽ കൊണ്ടുവരുന്നതിനുള്ള ബോധവൽക്കരണ പരിപാടികൾക്ക് പുറമെ എഴുത്തും വായനയും പഠിപ്പിക്കുന്നതിനാണ് ഊന്നൽ കൊടുത്തുവരുന്നത്. തുടർ പഠന ഘട്ടത്തിൽ അവരെ ഉയർന്ന സാക്ഷരതാ നിലവാരത്തിലേക്ക് എത്തിക്കുന്നതിനും, സ്വയം പഠനം നടത്തുന്നതിനും ഉള്ള സാഹചര്യം ഉണ്ടാക്കിക്കൊടുക്കുന്നതിനുള്ള പ്രവർത്തന പരിപാടികൾക്കാണ് പ്രാമുഖ്യം കൊടുക്കേണ്ടത്. ഇതിനു പുറമെ വിവിധ തൊഴിലിൽ ഏർപ്പെടുന്ന നവസാക്ഷരരെ ആധുനിക-ശാസ്ത്ര സാങ്കേതിക വിദ്യകൾ കൂടി മനസ്സിലാക്കിക്കുകയും, അതുവഴി അവരുടെ തൊഴിലിലുള്ള ആഭിമുഖ്യം വികസിപ്പിക്കുന്നതിനുള്ള പ്രവർത്തന പരിപാടികൾ തുടർവിദ്യാഭ്യാസ പദ്ധതിയുടെ അവിഭാജ്യഘടകമാക്കുകയും ചെയ്യുക അനിവാര്യമാണ്. അതിനാൽ സാക്ഷരതാ കേന്ദ്രങ്ങളിൽ മാത്രം ഒതുങ്ങി നിന്നുകൊണ്ടുള്ള പഠന രീതി മേൽ പരാമർശിച്ച ഉദ്ദേശ്യ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് പര്യാപ്തമല്ല. ആ സാഹചര്യം കണക്കിലെടുത്തുകൊണ്ടാണ് തൊട്ടടുത്തുള്ള പഠനകേന്ദ്രങ്ങൾ യോജിപ്പിച്ച് അക്ഷരസംഘങ്ങൾ ഉണ്ടാക്കുന്നതിനും, സംഘം ചേർന്ന് പഠിക്കുന്നതിനും, ആനുകാലിക പ്രശ്നങ്ങൾ കൂട്ടായി ചർച്ച ചെയ്യുന്നതിനും ഉള്ള മറ്റൊരു വേദി തുടർവിദ്യാഭ്യാസ ഘട്ടത്തിന്റെ ഭാഗമായി രൂപീകരിക്കാനിടയായിട്ടുള്ളത്. അതുപോലെ ഉയർന്ന സാക്ഷരതാ നിലവാരം കൈവരിക്കുന്നവർക്ക് തുടർ വായനക്കുള്ള പുസ്തകങ്ങൾ തയ്യാറാക്കുന്നതിനും വിതരണം ചെയ്യുന്നതിനും അക്ഷരസംഘങ്ങളുടെ മൊത്തം പ്രവർത്തനങ്ങൾ കോ-ഓർഡിനേറ്റ് ചെയ്യുന്നതിനും ഉള്ള ജനവിദ്യാകേന്ദ്രങ്ങളും സാക്ഷരതാനന്തര തുടർവിദ്യാഭ്യാസഘട്ടത്തിലെ ഏറ്റവും പ്രാധാന്യം അർഹിക്കുന്ന സംവിധാനമാണ്. സാക്ഷരതയുടെ ആത്യന്തിക ലക്ഷ്യങ്ങളുടെ ചുരുക്കം താഴെ കൊടുക്കുന്നു.

സമ്പൂർണ സാക്ഷരതാ പദ്ധതി → ഉത്തര സാക്ഷരതാ → തുടർ വിദ്യാഭ്യാസം → ആജീവനാന്ത (LIFE LONG EDN) വിദ്യാഭ്യാസം

ഇന്ത്യയിലെ ഏകദേശം 178 ജില്ലകളിൽ സമ്പൂർണ സാക്ഷരതാ പദ്ധതി ഇപ്പോൾ നടന്നുകൊണ്ടിരിക്കുകയാണ്. അതിൽ സാക്ഷരതാനന്തര പരിപാടി നടന്നുകൊണ്ടിരിക്കുന്ന ആന്ധ്രപ്രദേശിലെ ചിറ്റൂർ, പശ്ചിമ ബംഗാളിലെ ബർദ്വാൻ, കേന്ദ്രഭരണ പ്രദേശമായ പോണ്ടിച്ചേരി എന്നിവയും ഉൾപ്പെടുന്നു. പഠന കേന്ദ്രങ്ങൾ ചേർത്തുള്ള അക്ഷരസംഘങ്ങൾ എന്ന പേരിൽ മേൽ സൂചിപ്പിച്ച പ്രദേശങ്ങളിൽ തുടർ വിദ്യാഭ്യാസത്തിനുള്ള പ്രത്യേക സംവിധാനമുണ്ടാക്കിയിട്ടില്ലെങ്കിലും തുടർവിദ്യാഭ്യാസത്തിന് എൻ.എൽ.എം. വിഭാവനം ചെയ്തിട്ടുള്ള ജെ.എസ്.എൻ. സങ്കല്പത്തിന്റെ ഘടനയിലും നടത്തിപ്പിലും ഗണ്യമായ മാറ്റം വരുത്തിയിട്ടുണ്ട്. ദേശീയ സാക്ഷരതാ മിഷന്റെ ഭാഗമായി രൂപീകരിക്കപ്പെട്ട സബ് കമ്മിറ്റിയും തുടർ വിദ്യാഭ്യാസ സംവിധാനത്തിൽ അടിമുടി മാറ്റം വരുത്തേണ്ടതാണെന്ന് ശുപാർശ ചെയ്തിട്ടുണ്ട്. സമ്പൂർണ സാക്ഷരതാ പദ്ധതി വിജയകരമായി പൂർത്തിയാക്കിയ ജില്ലകളിലും, സംസ്ഥാന കേന്ദ്രഭരണ പ്രദേശങ്ങളിലും ഫലപ്രദമായും കാര്യക്ഷമമായും സാക്ഷരതാനന്തര തുടർവിദ്യാഭ്യാസ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്ന കാര്യം പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനാണ് പ്രസ്തുത സബ് കമ്മിറ്റി രൂപീകരിക്കപ്പെട്ടിട്ടുള്ളത്. സമ്പൂർണ സാക്ഷരതാ പദ്ധതിയിലേതുപോലെ ജനപങ്കാളിത്തത്തോടെ തുടർവിദ്യാഭ്യാസ പദ്ധതി നടപ്പിലാക്കുമ്പോൾ അതിന്റെ ഘടനയിലും നടത്തിപ്പിലും സമൂല മാറ്റം അനിവാര്യമാണെന്നാണ് സബ് കമ്മിറ്റിയുടെ ഏറ്റവും പ്രധാനപ്പെട്ട ശുപാർശ. ജെ.എസ്.എൻ. സംവിധാനം തുടരുന്ന കാര്യം പുനഃപരിശോധിക്കണമെന്നും റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. 5000 ജനസംഖ്യക്ക് ഒരു ജെ.എസ്.എൻ. എന്ന സംവിധാനം ഫലപ്രദമല്ല എന്നതാണ് മറ്റൊരു ശുപാർശ. ജീവിതത്തിൽ പല ദുരിതങ്ങളും അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്ന സാധാരണക്കാരായ പഠിതാക്കൾ അകലെയുള്ള ജനശിക്ഷണ നിലയത്തിൽ എത്താനുള്ള സാധ്യത കുറവാണെന്നതാണ് മേൽ സൂചിപ്പിച്ച നിഗമനത്തിന്റെ അടിസ്ഥാനം. മേൽ പ്രസ്താവിച്ച സബ് കമ്മിറ്റിയുടെ ശുപാർശയും, സാക്ഷരതാ പ്രവർത്തനത്തിൽ നിന്നും ലഭിച്ച പ്രാദേശിക അനുഭവവും കണക്കിലെടുത്താണ് പോസ്റ്റ് ലിറ്ററസി പദ്ധതി നടന്നുകൊണ്ടിരിക്കുന്ന എല്ലാ ജില്ലകളിലും ജെ.എസ്.എൻ. ഘടനയിൽ അടിസ്ഥാനപരമായ പല മാറ്റങ്ങളും വരുത്തിയിട്ടുള്ളത്.

ഈ മാറ്റങ്ങളുടെ തുടക്കമെന്ന നിലയിലാണ് കേരളത്തിൽ അതിന് ജെ.വി.കെ. എന്ന് നാമകരണം ചെയ്യാനിടയായിട്ടുള്ളത്. അക്ഷര സംഘങ്ങളുടെ രൂപീകരണത്തിൽ നിന്നും ഇതിനകം ധാരാളം അനുഭവങ്ങൾ നമുക്ക് നേടിയെടുക്കുന്നതിന് സാധിച്ചിട്ടുണ്ട്. നാലോ അഞ്ചോ പഠനകേന്ദ്രങ്ങൾ യോജിപ്പിച്ച് അക്ഷര സംഘങ്ങൾ ഉണ്ടാക്കുമ്പോൾ സ്വാഭാവികമായും ചില പഠിതാക്കൾക്കെങ്കിലും അവിടെ ചെന്നെത്താൻ അല്പം അസൗകര്യം ഉണ്ടാകാം. അസൗകര്യത്തിന്റെ പേരിൽ പഠിതാക്കൾ തുടർന്നു പഠിക്കുന്നതിന്

അക്ഷര സംഘത്തിൽ എത്താത്ത അവസ്ഥ ഉണ്ടെന്ന് ഇതിനകം നമുക്ക് മനസ്സിലാക്കാൻ സാധിച്ചിട്ടുണ്ട്. ഇക്കാരണത്താൽ ഒരു വാർഡിൽ ഒരു ജനവിദ്യാകേന്ദ്രം ഉണ്ടാക്കിയാൽ പോലും അവിടെ പഠിതാക്കൾ എത്താൻ സാധ്യതയില്ലെന്ന് നിഷ്പ്രയാസം നമുക്ക് മനസ്സിലാക്കാവുന്നതേയുള്ളൂ. ഈ അനുഭവമാണ് ജനവിദ്യാ കേന്ദ്രത്തിൽ പഠിതാക്കൾ എത്തേണ്ടതില്ലെന്നും, അക്ഷര സംഘങ്ങൾ തുടർ വിദ്യാഭ്യാസത്തിനുള്ള സംവിധാനമാക്കി മാറ്റുന്ന കാര്യം പരിഗണിക്കുന്നതിനും നമ്മേ പ്രേരിപ്പിക്കാനിടയായിട്ടുള്ളത്. 4.1.1993-ന് ചേർന്ന കേരള സാക്ഷരതാ സമിതി ജനറൽ കൗൺസിലും ഈ പ്രൊപ്പോസൽ തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്.

മുതിർന്നവരും, 9-14 പ്രായത്തിലുള്ള കുട്ടികളും ഉൾപ്പെടെയുള്ള പഠിതാക്കൾ തുടർവിദ്യാഭ്യാസ ഘട്ടത്തിൻെറ അവസാനം എന്തൊക്കെ നേട്ടങ്ങൾ കൈവരിച്ചിരിക്കണമെന്നത് സംബന്ധിച്ച് ദേശീയ സാക്ഷരതാ മിഷൻ ചില മാനദണ്ഡങ്ങൾ തയ്യാറാക്കിയിട്ടുണ്ട്. നിർദ്ദിഷ്ട സാക്ഷരതാ നിലവാരം ആർജിക്കുവാൻ കഴിയുന്നതിന് പുറമെഅവർക്ക് ഭാഷാപരവും, സംഖ്യാപരവുമായ നേട്ടങ്ങൾ നിത്യജീവിതത്തിൽ പ്രയോഗിക്കാനും, അവർ ഉൾക്കൊള്ളുന്ന ജനസമൂഹത്തിൻെറ സാമൂഹിക - സാമ്പത്തിക നിലവാരം മെച്ചപ്പെടുത്തുന്നതിനും തുടർ പഠനം സഹായിക്കേണ്ടതാണെന്നുള്ളതാണ് നേരത്തെ സൂചിപ്പിച്ച മാനദണ്ഡങ്ങളിൽ ഏറ്റവും പ്രധാനം. തൊഴിൽപരമായ കാര്യക്ഷമത വികസിപ്പിക്കുന്നതോടൊപ്പം വികസന പ്രവർത്തനങ്ങളുടെ അന്തസത്ത ഉൾക്കൊള്ളുന്നതിനും ഈ ഘട്ടത്തിൽ അവർക്ക്കഴിയേണ്ടതാണ്. നിലവിലുള്ള ഓപ്പൺ സ്കൂൾ സംവിധാനത്തിൻെറ ഗുണഭോക്താക്കളായി പഠിതാക്കളെ മാറ്റേണ്ട കാര്യവും പ്രാധാന്യമർഹിക്കുന്നു. തുടർ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ രണ്ട് രീതിയിൽ നടത്തേണ്ടതാണെന്ന ദേശീയ സാക്ഷരതാ മിഷൻെറ അഭിപ്രായം പ്രത്യേകം പരിഗണന അർഹിക്കുന്നു. 9-14 പ്രായപരിധിയിലുള്ള കുട്ടികളെ ഒരു രീതിയിലും, 15+ പ്രായപരിധിയിലുള്ള മുതിർന്നവരെ മറ്റൊരു രീതിയിലും പഠിപ്പിക്കുകയെന്നതാണ് നേരത്തെ സൂചിപ്പിച്ച രണ്ട് രീതികൾ. ഔപചാരിക വിദ്യാഭ്യാസ ശൃംഖലയിലൊ, ഓപ്പൺ സ്കൂൾ സംവിധാനത്തിലൊ 9-14 പ്രായപരിധിയിലുള്ള കുട്ടികളെ തുടർ വിദ്യാഭ്യാസ പ്രവർത്തനത്തിൻെറ ഫലമായി എത്തിക്കുന്നതിന് സാധിക്കണം. മുതിർന്നവർ ഈ ഘട്ടത്തോടെ കൈവരിക്കേണ്ട നേട്ടങ്ങൾ എന്തൊക്കെയെന്ന് നേരത്തെ സൂചിപ്പിച്ചു കഴിഞ്ഞു. 15 + പ്രായപരിധിയിലുള്ളവർതുടർവിദ്യാഭ്യാസ ഘട്ടം പൂർത്തിയാക്കുന്നതോടെ പ്രകടമാകേണ്ട ചില വൈദഗ്ധ്യങ്ങൾ താഴെ ചേർക്കുന്നു.

1. ജീവിത വൈദഗ്ധ്യം:- ഉയർന്ന സാക്ഷരതാ നിലവാരത്തിലെത്തിയവർക്ക് അവർ നേടിയെടുത്ത കഴിവുകൾ സ്വന്തം ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനും, അതുപോലെപുകയില്ലാത്ത അടുപ്പിൻെറയും ബയോഗ്യാസിൻെറയും ഉപയോഗം, ഭക്ഷണം കേടുകൂടാതെ സൂക്ഷിക്കൽ എന്നീ കാര്യങ്ങൾ നിത്യജീവിതത്തിൽ പ്രയോഗത്തിൽ വരുത്തുന്നതിനുംസാധിക്കണം.

2. നിലനില്പിനുള്ള വൈദഗ്ധ്യം:- ചൂഷണം, മറ്റുള്ളവരുടെ അതിക്രമം എന്നിവയ്ക്ക് എതിരെ പ്രതികരിക്കുന്നതിനും, വെള്ളപ്പൊക്കം, വരൾച്ച എന്നിവ തടയുന്നതിനും സ്വന്തം നിലനില്പ് കുറച്ചുകൂടി ഭദ്രമാക്കുന്നതിനും തുടർ വിദ്യാഭ്യാസ ഘട്ടം വിജയകരമായി പൂർത്തിയാക്കിയവർക്ക് സാധിക്കണം.

3. ആശയവിനിമയ വൈദഗ്ധ്യം:- സ്ത്രീധനം, മിനിമം കൂലി, ശൈശവ വിവാഹം, ദുർബല വിഭാഗങ്ങൾക്കെതിരേയുള്ള അതിക്രമം എന്നീ പൊതു പ്രശ്നങ്ങളെക്കുറിച്ചുള്ള അവബോധവും, വികസന പ്രവർത്തനങ്ങളെ സംബന്ധിച്ചും അവ നടപ്പാക്കുന്ന രീതിയെ സംബന്ധിച്ചും സ്വന്തം അഭിപ്രായം പ്രകടിപ്പിക്കാനുള്ള കഴിവുംഉണ്ടാകണം.

4. തൊഴിൽ വൈദഗ്ധ്യം:- സാക്ഷരത, ദാരിദ്ര്യം നിർമ്മാർജനം ചെയ്യുന്നതിനുള്ള ഉപാധിയായി മാറണം. അതിനാൽ തുടർ വിദ്യാഭ്യാസ ഘട്ടത്തിൻെറ ഭാഗമായി വരുമാനം വർദ്ധിപ്പിക്കുന്നതിനും, സ്വയം തൊഴിൽ കണ്ടെത്തുന്നതിനും സാമ്പത്തിക നില മെച്ചപ്പെടുത്തുന്നതിനും ഉള്ള പരിശീലനം പഠിതാക്കൾക്ക് കൊടുക്കുകയും അവർ ചെയ്യുന്ന തൊഴിലിൽ വേണ്ടത്ര വൈദഗ്ധ്യം നേടുകയും വേണം.

1986 - ൽ നിലവിൽ വന്ന ദേശീയ വിദ്യാഭ്യാസ നയത്തിൽ നവസാക്ഷരർക്ക് സമഗ്രമായസാക്ഷരതാനന്തര-തുടർ വിദ്യാഭ്യാസം നൽകുന്നതിനും അതുപോലെ പ്രൈമറി വിദ്യാഭ്യാസം ലഭിച്ച യുവജനങ്ങൾക്ക് അത് നിലനിർത്തുന്നതിനും പരിപോഷിപ്പിക്കുന്നതിനും അവരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനും ഉതകുന്ന വിവിധ തരത്തിലുള്ള പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തേണ്ടതാണെന്ന് ഊന്നൽ കൊടുത്ത് പ്രതിപാദിച്ചിട്ടുണ്ട്. നവസാക്ഷരർക്കും, 9-14 പ്രായപരിധിയിലുള്ള കുട്ടികൾ ക്കുവേണ്ടി നടത്തേണ്ട പ്രവർത്തനങ്ങൾ താഴെക്കൊടുക്കുന്നു.

1. ഗ്രാമപ്രദേശങ്ങളിൽ വയോജനങ്ങൾക്ക് അവരുടെ ഇഷ്ടത്തിനനുസരിച്ചുള്ള തുടർവിദ്യാഭ്യാസം നടത്തുന്നതിന് പഠനകേന്ദ്രങ്ങൾ ആരംഭിക്കുക.

2. തൊഴിലുടമയുടേയും, ട്രേഡ് യൂണിയനുകളുടേയും മറ്റും സഹായത്തോടെ തൊഴിലാളിക്ക് വിദ്യാഭ്യാസം കൊടുക്കുക.

3. സാക്ഷരതാനന്തര വിദ്യാഭ്യാസം.

4. ലൈബ്രറികൾ, വായനശാലകൾ, പുസ്തകങ്ങൾ എന്നിവ തുടർവിദ്യാഭ്യാസത്തിന് പരമാവധി പ്രയോജനപ്പെടുത്തുക.

5. റേഡിയോ, ടി.വി., ഫിലിം എന്നീ മാധ്യമങ്ങൾ വയോജന വിദ്യാഭ്യാസത്തിന് പ്രയോജനപ്പെടുത്തുക.

6. പഠനസംഘങ്ങളും, സംഘടനകളും ഉണ്ടാക്കുക.

7. വിദൂര വിദ്യാഭ്യാസ പരിപാടി നടത്തുക.

8. സ്വയം പഠിക്കുന്നതിനുള്ള സഹായം നൽകുക.

9. തൊഴിൽ പരിശീലനം നൽകുക.

സാക്ഷരതാനന്തര തുടർവിദ്യാഭ്യാസത്തിന്റെ ആത്യന്തിക ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് പര്യാപ്തമായവയാണ് മേൽ പ്രസ്താവിച്ച പ്രവർത്തനങ്ങൾ. അത്തരം പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തേണ്ട സ്ഥാപനങ്ങളാണ് അക്ഷരസംഘങ്ങളും ജനവിദ്യാകേന്ദ്രങ്ങളും.

## അക്ഷരസംഘം, ജനവിദ്യാകേന്ദ്രം എന്നിവയുടെ ഘടന, നടത്തിപ്പ്

### I അക്ഷരസംഘങ്ങൾ - വാർഡ് തലം

1. വാർഡിലെ തുടർ പഠനത്തിനുള്ള സംവിധാനം.
2. തൊട്ടടുത്തുള്ള നാലോ അഞ്ചോ പഠനകേന്ദ്രങ്ങൾ ചേർത്ത് അക്ഷരസംഘം ഉണ്ടാക്കുന്നു.
3. വാർഡിൽ സൗകര്യമുള്ള വീടോ, പൊതുസ്ഥാപനമോ അക്ഷരസംഘത്തിന്റെ പ്രവർത്തനത്തിന് ഉപയോഗിക്കാം.
4. പി.എൽ-1 പഠിപ്പിച്ചവരും മറ്റ് പ്രൈമറുകൾ പഠിക്കുന്നവരും സംഘത്തിൽ ഉണ്ടാകും.
5. പഠിതാക്കളെ അവരുടെ സാക്ഷരതാ നിലവാരമനുസരിച്ച് വിവിധ ഗ്രൂപ്പുകളാക്കി തിരിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ഗ്രേഡ് ചെയ്ത് പഠിപ്പിക്കുകയും ചെയ്യുന്ന രീതി അവലംബിക്കണം.
6. നാലോ അഞ്ചോ ഇൻസ്ട്രക്ടർമാർ ഒരു അക്ഷരസംഘത്തിന് ഉണ്ടാകാം.
7. ഓരോ വേദിയുടേയും ചാർജ്ജ് ഓരോ ഇൻസ്ട്രക്ടറെ ഏൽപ്പിക്കാവുന്നതാണ്.
8. തുടക്കത്തിൽ പഠിതാക്കൾ ദിവസേന സംഘത്തിൽ എത്തണം. സാക്ഷരതാ കേന്ദ്രത്തിലെ അതേ അധ്യാപന രീതി അക്ഷരസംഘത്തിൽ ഒരു നിശ്ചിത കാലയളവുവരെ ആകാം.
9. പിന്നീട് ആഴ്ചയിലൊരിക്കൽ ഒത്തുചേരുകയും അക്ഷരസംഘത്തിന്റേതായ പരിപാടികളിൽ പഠിതാക്കളെ ഭാഗഭാക്കുകളാക്കുകയും വേണം.
10. ഓരോ അക്ഷരസംഘത്തിനും ഒരു നിർവാഹക സമിതി വേണം. എം.ടി. അതിന്റെ കൺവീനറും, സാക്ഷരതാ പ്രവർത്തനത്തിൽ പ്രാഗല്ഭ്യം തെളിയിക്കപ്പെട്ട വ്യക്തി അതിന്റെ അധ്യക്ഷനും ആയിരിക്കണം . കൺവീനർ സന്നദ്ധ പ്രവർത്തനം നടത്തുന്നതിനും, ജനവിദ്യാ കേന്ദ്രവുമായി യഥാസമയം ബന്ധപ്പെടുന്നതിനും പറ്റിയ ആളായിരിക്കണം. അക്ഷരസംഘത്തിന്റെ പരിധിയിലുള്ള എല്ലാ ഇൻസ്ട്രക്ടർമാരെയും മാസ്റ്റർ ട്രെയിനർമാരെയും ഒരു പഠിതാവിനെയും അതിലെ അംഗങ്ങളാക്കാവുന്നതാണ്.

നിർവാഹക സമിതിക്ക് പുറമെ മേൽ പരാമർശിച്ച എല്ലാ വ്യക്തികളെയും അതുപോലെ രാഷ്ട്രീയ-സാമൂഹിക-സന്നദ്ധ സംഘടനാ പ്രതിനിധികളെയും, ഉൾപ്പെടുത്തി ഒരു 'രക്ഷാധികാര സമിതി 'കൂടി ഉണ്ടാക്കാവുന്നതാണ്.

11. 'വനിതാവേദി', 'വികസന വേദി', 'വിജ്ഞാനവേദി', 'കലാസാംസ്കാരിക വേദി'എന്നീ വേദികൾ ഓരോ അക്ഷരസംഘത്തിനും ഉണ്ടായിരിക്കണം. ഓരോ വേദിക്കും ഓരോ കൺവീനർ വേണം.
12. ഓരോ അക്ഷരസംഘത്തിനും ഓരോ ഹാജർ പുസ്തകം ഉണ്ടാകണം.
13. 1993 ജനുവരി 31 - ന് മുമ്പ് അക്ഷരസംഘം നടത്തുന്നതിന് യോജിച്ച ആസ്ഥാനം കണ്ടെത്തുകയും, നിർവാഹക സമിതി, രക്ഷാധികാര സമിതി എന്നിവ രൂപീകരിക്കുകയും വേണം.

14. നിലവിലുള്ള വാർഡ് സാക്ഷരതാ സമിതി ആണ് അക്ഷരസംഘത്തിൻെറ രൂപീകരണത്തിൻെറ നേതൃത്വം ഏറ്റെടുക്കേണ്ടത്.

15. ജനവിദ്യാകേന്ദ്രം മുഖേന തുടർ വായനക്കുവേണ്ടി ലഭിക്കുന്ന പുസ്തകങ്ങൾ ഗ്രന്ഥശാലാസംഘം 'ഗ്രാമീണ പുസ്തക വിതരണ പദ്ധതി' പ്രകാരം പഠിതാക്കളുടെ വീടുകളിലെത്തിച്ചുകൊടുക്കുന്ന അതേ രീതിയിൽ അവർക്ക് എത്തിച്ചുകൊടുക്കുന്നതിനുള്ള ഏർപ്പാടും അക്ഷരസംഘം ഏറ്റെടുക്കണം.

16. അക്ഷര സംഘങ്ങളെ ഒരു വാർഡിലെ നിർമ്മാണ പ്രവർത്തനങ്ങളുടെ കേന്ദ്രമായി പരിഗണിക്കാം.

17. വാർഡ് തലത്തിൽ ജനങ്ങളെ കൂട്ടി യോജിപ്പിക്കുന്ന കണ്ണിയായി വർത്തിക്കുന്നതിന് അക്ഷരസംഘങ്ങൾക്ക് സാധിക്കണം.

## II ജനവിദ്യാ കേന്ദ്രങ്ങൾ പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ തലം

1. ഒരു പഞ്ചായത്തിൽ പരമാവധി ഒന്നോ രണ്ടോ ജനവിദ്യാകേന്ദ്രങ്ങൾ മതിയാകും. മുനിസിപ്പാലിറ്റി/കോർപ്പറേഷൻ തലത്തിൽ ഡിവിഷന് ഒന്ന് എന്ന ക്രമത്തിൽ ജനവിദ്യാകേന്ദ്രങ്ങൾ ആരംഭിക്കുന്നത് നന്നായിരിക്കും.

2. ഗ്രന്ഥശാലാ സംഘവുമായി അഫിലിയേറ്റ് ചെയ്ത ഗ്രന്ഥശാലയിലെ ഒരു മുറി ജനവിദ്യാകേന്ദ്രത്തിൻെറ ആസ്ഥാനമാക്കാവുന്നതാണ്. കൂടാതെ അംഗൻവാടി, ബാലവാടി, സ്കൂൾ, പൊതുസ്ഥാപനങ്ങൾ, പഞ്ചായത്ത് ലൈബ്രറികൾ, പ്രാദേശികമായി കണ്ടെത്താവുന്ന മറ്റു സ്ഥാപനങ്ങൾ എന്നിവ ജനവിദ്യാകേന്ദ്രത്തിൻെറ നടത്തിപ്പിന് വിനിയോഗിക്കാം.

3. പഞ്ചായത്ത് /മുനിസിപ്പാലിറ്റി/കോർപ്പറേഷൻ തലത്തിലുള്ള അക്ഷരസംഘങ്ങളുടെ മൊത്തം പ്രവർത്തനം കോ-ഓർഡിനേറ്റ് ചെയ്യുന്നതോടൊപ്പം ജനവിദ്യാകേന്ദ്രങ്ങൾ റിസോഴ്സ് യൂണിറ്റുകളായിക്കൂടി പ്രവർത്തിക്കണം.

4. ജനവിദ്യാകേന്ദ്രത്തിൽ പഠിതാക്കൾ എത്തേണ്ടതില്ല. എങ്കിലും രണ്ട് മാസത്തിലൊരിക്കലെങ്കിലും വാർഡുകളിലെ മൊത്തം പഠിതാക്കളും സഹകാരികളും അവിടെ ഒത്ത് ചേരുന്നത് നന്നായിരിക്കും. അപ്പോൾ കലാപരിപാടികൾ അവതരിപ്പിക്കുന്നതിനും കാണുന്നതിനും അവസരം ഉണ്ടാക്കുന്നത് നന്നായിരിക്കും. ജനവിദ്യാകേന്ദ്രത്തിൻെറ ആഭിമുഖ്യത്തിൽ വിവിധ മത്സരങ്ങൾ നടത്തുന്ന കാര്യവും പരിഗണിക്കാവുന്നതാണ്.

5. ജെ.വി.കെ. യുടെ സുഗമമായ നടത്തിപ്പിന് 'നിർവാഹക സമിതി' രൂപീകരിക്കണം. അതിൽ അക്ഷരസംഘങ്ങളുടെ കൺവീനർമാരും ജനവിദ്യാ കേന്ദ്രത്തിൻെറ പരിധിയിലുള്ള പഞ്ചായത്ത് മെമ്പർമാരും/കൗൺസിലർമാരും അംഗങ്ങളായിരിക്കും. സാക്ഷരതാ പ്രവർത്തനവുമായി ബന്ധമുള്ള ഒരു ജനപ്രതിനിധിയെ അതിൻെറ അദ്ധ്യക്ഷനും, സാക്ഷരതാ പ്രവർത്തകനും നല്ല സംഘാടകനും ആയ ഒരു സാക്ഷരതാ പ്രവർത്തകനെ അതിൻെറ കൺവീനറും ആക്കാവുന്നതാണ്.

6. 28-2-1993 - ന് മുമ്പ് ജനവിദ്യാകേന്ദ്രങ്ങളുടെ രൂപീകരണം പൂർത്തിയാക്കണം.

7. ജനവിദ്യാകേന്ദ്രങ്ങളുടെ രൂപീകരണം ബന്ധപ്പെട്ട പഞ്ചായത്ത്/മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ സാക്ഷരതാ സമിതിയുടെ നേതൃത്വത്തിലാണ് നടത്തേണ്ടത്.

## III പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ തലം

ജനവിദ്യാ കേന്ദ്രത്തിന് നിർവാഹക സമിതി മാത്രം മതിയാകും. എങ്കിലും പഞ്ചായത്ത്/മുനിസിപ്പാലിറ്റി /കോർപ്പറേഷൻ തലത്തിൽ മുഴുവൻ ജനവിദ്യാ കേന്ദ്രങ്ങളുടെയും പ്രവർത്തനം വിലയിരുത്തുന്നതിന് ഒരു രക്ഷാധികാര സമിതി വേണം. പഞ്ചായത്ത് പ്രസിഡൻറോ, മുനിസിപ്പൽ ചെയർമാനോ, കോർപ്പറേഷൻ മേയറോ കമ്മിറ്റിയുടെ അദ്ധ്യക്ഷൻ ആയിരിക്കും. പഞ്ചായത്ത് മുനിസിപ്പൽ തല കമ്മിറ്റിയുടെ കൺവീനർ എക്സിക്യൂട്ടീവ് ആഫീസറോ കമ്മീഷണറോ ആവണം. സാക്ഷരതാ സമിതിയുടെ കാര്യത്തിലെന്നതുപോലെ ഔദ്യോഗിക അംഗമല്ലാത്ത ഒരു ജോയിൻറ് കൺവീനർകൂടി രക്ഷാധികാരി സമിതിക്ക് ഉണ്ടാവണം. കമ്മിറ്റിയിൽ പഞ്ചായത്തിലെ ജനപ്രതിനിധികൾ, ജെ.വി.കെ. കൺവീനർമാർ, സ്ഥലത്തെ പ്രധാന വ്യക്തികൾ, സാമൂഹ്യ സംഘടനാ പ്രതിനിധികൾ നിലവിലുള്ള സാക്ഷരതാ പ്രോഗ്രാമിലെ ആർ.പി./എം.ടി. എന്നിവരെ അംഗങ്ങളാക്കാം. കൂടാതെ ഡിവിഷൻ കോ-ഓർഡിനേറ്റർ അതിലെ ഔദ്യോഗിക അംഗമായിരിക്കുകയും വേണം.

## IV ജില്ലാ കൗൺസിൽ ഡിവിഷൻ തലം

ഒരു ജില്ലാ കൗൺസിൽ ഡിവിഷൻെറ പരിധിയിലുള്ള പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ തലത്തിലുള്ള ജനവിദ്യാ കേന്ദ്രങ്ങളുടെ പ്രവർത്തനം അവലോകനം ചെയ്യുന്നതിന് ജില്ലാ കൗൺസിൽ ഡിവിഷൻ മെമ്പർ ചെയർമാനായുള്ള ഒരു കമ്മിറ്റി ഉണ്ടായിരിക്കും. അതിൻെറ കൺവീനർ ഡിവിഷൻ കോ-ഓർഡിനേറ്റർ എന്നായിരിക്കും അറിയപ്പെടുക. സർവീസിലുള്ള ആളായിരിക്കണം ഡിവിഷൻ കോ-ഓർഡിനേറ്റർ. സാക്ഷരതാ പ്രവർത്തനത്തിൽ കഴിവും അർപ്പണ മനോഭാവവും പ്രകടമാക്കപ്പെട്ട ഒരു ഉദ്യോഗസ്ഥനെ ജില്ലാ കളക്ടർ ജില്ലാ കൗൺസിൽ ഡിവിഷൻ കോ-ഓർഡിനേറ്റർ ആയി വർക്കിങ്ങ് അറേഞ്ച്മെൻറിൽ നിയമിക്കും. നിയമനം നടത്തുമ്പോൾ ബന്ധപ്പെട്ട ജില്ലാ കൗൺസിൽ ഡിവിഷൻ അംഗത്തിൻെറ അഭിപ്രായവും കൂടി പരിഗണിക്കേണ്ടതാണ്. ഡിവിഷനുകളുടെ എണ്ണം കുറവുള്ള ജില്ലകളിൽ ജില്ലാ കളക്ടറുമായി ആലോചിച്ച് ഡിവിഷൻ കോ-ഓർഡിനേറ്റർമാരുടെ എണ്ണം വർദ്ധിപ്പിക്കും. പഞ്ചായത്ത് പ്രസിഡൻറുമാർ, എക്സിക്യൂട്ടീവ് ആഫീസർമാർ/കമ്മീഷണർമാർ, ജോയിൻറ് കൺവീനർമാർ, അക്ഷര സംഘം കൺവീനർമാർ, കെ.ആർ.പി. എന്നിവർ അതിലെ അംഗങ്ങളായിരിക്കണം.

## V ജില്ലാതലം

**ജില്ലാ കോ-ഓർഡിനേഷൻ സമിതിയും, ജില്ലാ നിർവാഹക സമിതിയും.**

ജില്ലാ കോ-ഓർഡിനേഷൻ സമിതിയിലെ അംഗങ്ങൾ ജില്ലയിലെ എം.പി. മാർ, എം.എൽ.എ. മാർ, ജില്ലാ കൗൺസിൽ പ്രസിഡൻറ്, സാമൂഹ്യ-രാഷ്ട്രീയ-സന്നദ്ധ സംഘടനാ പ്രതിനിധികൾ, നിലവിലുള്ള സാക്ഷരതാ പ്രോഗ്രാമിലെ കോ-ഓർഡിനേറ്റർമാർ, പ്രോജക്റ്റ് ഓഫീസർമാർ, കെ.ആർ.പി. മാർ ജില്ലാ വയോജന വിദ്യാഭ്യാസ ആഫീസർമാർ, എ.ഡി.സി. (ആർ.എഫ്. എൽ.പി.) ഒരു നിശ്ചിത എണ്ണം ഗവഃ ഉദ്യോഗസ്ഥന്മാർ, ഡിവിഷൻ കോ-ഓർഡിനേറ്റർമാർ, ഡയറ്റ് പ്രിൻസിപ്പൽ എന്നിവരായിരിക്കും. ജില്ലാ കളക്ടർ സമിതിയുടെ അധ്യക്ഷനായിരിക്കും. കൺവീനർ ജില്ലാ കളക്ടർ നിയോഗിക്കുന്ന ഒരു ഗവഃ ഉദ്യോഗസ്ഥനായിരിക്കും.

ജില്ലാ കോ-ഓർഡിനേഷൻ സമിതിക്ക് പുറമെ ഒരു നിർവാഹക സമിതി കൂടി രൂപീകരിക്കേണ്ടതാണ്. നിർവാഹക സമിതിയിൽ ജില്ലാ കൗൺസിൽ പ്രസിഡൻറ്, ജില്ലാ കൗൺസിലിൻെറ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ, നിലവിലുള്ള സാക്ഷരതാ പ്രോഗ്രാമിലെ ജില്ലാ കോ-ഓർഡിനേറ്റർമാർ, പ്രോജക്റ്റ് ഓഫീസർമാർ, നിശ്ചിത എണ്ണം കെ.ആർ.പി.മാർ, ഡിവിഷൻ കോ-ഓർഡിനേറ്റർമാർ, ജില്ലാ വയോജന വിദ്യാഭ്യാസ ആഫീസർ, എ.ഡി.സി. (ആർ.എഫ്. എൽ.പി.), ഡയറ്റ് പ്രിൻസിപ്പൽ എന്നിവർ അംഗങ്ങളായിരിക്കും. ചെയർമാൻ ജില്ലാ കളക്ടറും, കൺവീനർ ജില്ലാ കളക്ടർ വർക്കിങ്ങ് അറേഞ്ച്മെൻറിൽ നിയമിക്കുന്ന ഉദ്യോഗസ്ഥനും ആയിരിക്കും.

ജില്ലയിൽ അക്ഷരസംഘങ്ങളുടെയും, ജനവിദ്യാ കേന്ദ്രങ്ങളുടെയും ഫലപ്രദവും കാര്യക്ഷമവുമായ പ്രവർത്തനം സംഘടിപ്പിക്കുകയും, പ്രവർത്തനങ്ങൾ യഥാസമയം വിലയിരുത്തുകയുമാണ് മേൽ പരാമർശിച്ച സമിതികളുടെ ചുമതലകൾ.

അക്ഷര സംഘം, ജനവിദ്യാ കേന്ദ്രം എന്നിവയുടെ കൺവീനർമാർക്കുള്ള പരിശീലനം, തുടർ വായനയ്ക്കുള്ള പുസ്തകങ്ങൾ എന്നിവ തയ്യാറാക്കുന്നതിന് ജില്ലാ തലത്തിൽ ഒരു "വിദഗ്ധ സമിതി" കൂടി രൂപീകരിക്കാവുന്നതാണ്.

അക്ഷര സംഘം,ജനവിദ്യാ കേന്ദ്രം എന്നിവയുമായി ബന്ധപ്പെട്ട് രൂപീകരിക്കേണ്ട കമ്മിറ്റികളുടെ ഘടനയിൽ പ്രാദേശികമായി വേണ്ട മാറ്റങ്ങൾ വരുത്താവുന്നതാണ്.

## VI സംസ്ഥാനതലം

1. **മുഖ്യമന്ത്രിയുടെ-അധ്യക്ഷതയിലുള്ള സംസ്ഥാന കമ്മിറ്റി.**

തുടർ വിദ്യാഭ്യാസ പ്രവർത്തനവുമായി ബന്ധപ്പെട്ട വകുപ്പുകളിലെ മന്ത്രിമാർ/വകുപ്പ് മേധാവികൾ, സാമൂഹ്യ-രാഷ്ട്രീയ സന്നദ്ധ സംഘടനാ പ്രതിനിധികൾ, വിദ്യാഭ്യാസ വിചക്ഷണർ, ചീഫ് സെക്രട്ടറി, ജില്ലാ കളക്റ്റർമാർ, ദൂരദർശൻ/ആകാശവാണി ഡയറക്ടർമാർ എന്നിവർ പ്രസ്തുത സമിതിയിൽ അംഗങ്ങളായിരിക്കും. കൂടാതെ സ്റ്റേറ്റ് റിസോഴ്സ് സെൻറർ, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷൻ എന്നീ സ്ഥാപനങ്ങളുടെ ഡയറക്ടർമാരും സംസ്ഥാന സമിതിയിൽ അംഗങ്ങളായിരിക്കും. 'അക്ഷര സംഘങ്ങളുടെയും ജനവിദ്യാകേന്ദ്രങ്ങളുടെയും നടത്തിപ്പ് സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങളും, നയപരമായ തീരുമാനങ്ങളും കൈക്കൊള്ളുന്നത് സംസ്ഥാന കമ്മിറ്റി ആയിരിക്കും.

2. വിദ്യാഭ്യാസ മന്ത്രിയുടെ അധ്യക്ഷതയിലുള്ള നിർവാഹക സമിതി

ബന്ധപ്പെട്ട വകുപ്പ് മന്ത്രിമാർ, ചീഫ് സെക്രട്ടറി, ജില്ലാ കളക്ടർമാർ, മുഖ്യമന്ത്രിയുടെ അധ്യക്ഷതയിലുള്ള സംസ്ഥാന കമ്മിറ്റി നോമിനേറ്റ് ചെയ്യുന്ന സാമൂഹ്യ-രാഷ്ട്രീയ-സന്നദ്ധ സംഘടനാ പ്രതിനിധികൾ, എസ്.ആർ.സി.ഡയറക്ടർ, എസ്.ഐ.ഇ. ഡയറക്ടർ, സ്റ്റേറ്റ് കോ-ഓർഡിനേഷൻ സെൻറർ സെക്രട്ടറി എന്നിവർ കമ്മിറ്റിയിൽ അംഗങ്ങളായിരിക്കും. അക്ഷരസംഘം, ജനവിദ്യാ കേന്ദ്രം എന്നിവയുടെ സംസ്ഥാനതല പ്രവർത്തനം ഇടയ്ക്കിടെ വിലയിരുത്തേണ്ടത് മേൽ പ്രസ്താവിച്ച കമ്മിറ്റിയാണ്.

3. സ്റ്റേറ്റ് കോ-ഓർഡിനേഷൻ സെൻറർ

സംസ്ഥാനത്തെ മൊത്തം പ്രവർത്തനങ്ങൾ കോ-ഓർഡിനേറ്റ് ചെയ്യുക എന്നതാണ് സ്റ്റേറ്റ് സെൻററിൻെറ ജോലി. ഗവഃ നിയോഗിക്കുന്ന ഒരു ഉദ്യോഗസ്ഥനായിരിക്കും സ്റ്റേറ്റ് കോ-ഓർഡിനേഷൻ സെൻററിൻെറ സെക്രട്ടറി. സാക്ഷരതാ രംഗത്ത് പ്രവർത്തിച്ച് പരിചയമുള്ള നിശ്ചിത എണ്ണം ഗവ: ഉദ്യോഗസ്ഥന്മാരെ സ്റ്റേറ്റ് കോ-ഓർഡിനേഷൻ സെൻററിൻെറ സുഗമമായ പ്രവർത്തനത്തിന് വർക്കിങ്ങ് അറേഞ്ചുമെൻറിൽ നിയമിക്കാവുന്നതാണ്. വയോജന വിദ്യാഭ്യാസ പരിപാടിയുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന ഗവഃ ഉദ്യോഗസ്ഥന്മാരുടെ സേവനവും കൂടി സ്റ്റേറ്റ് കോ-ഓർഡിനേഷൻ സെൻററിൻെറ നടത്തിപ്പിന് വിനിയോഗിക്കാവുന്നതാണ്.


അക്ഷര സംഘങ്ങളുടേയും, ജനവിദ്യാ കേന്ദ്രങ്ങളുടെയും ഫലപ്രദമായ പ്രവർത്തനത്തിന് കേരളത്തിലെ സർവകലാശാലകളുടെ സഹായങ്ങൾക്കു പുറമെ കോഴിക്കോട്, കേരള സർവകലാശാലകളിലെ വയോജന വിദ്യാഭ്യാസ വികസന വിഭാഗത്തിൻെറ സഹായവും കൂടി പ്രയോജനപ്പെടുത്തുന്നതാണ്.

അക്ഷര സംഘങ്ങളുടെയും, ജനവിദ്യാ കേന്ദ്രങ്ങളുടെയും നടത്തിപ്പിന് വിവിധ വകുപ്പുകളുടെ സഹായ സഹകരണം:-

വിവിധ വകുപ്പുകളുടെയും, ആ വകുപ്പുകളിലെ ഉദ്യോഗസ്ഥന്മാരുടെയും സേവനം സാക്ഷരതാ പ്രർത്തനത്തിന് ഉറപ്പാക്കുവാൻ സാക്ഷരതാ പദ്ധതിയുടെ ഒന്നും, രണ്ടും ഘട്ടങ്ങളിൽ ഗവൺമെൻറ് പുറപ്പെടുവിച്ച അതേ രീതിയിലുള്ള ഗവൺമെൻറ് ഉത്തരവ് അക്ഷര സംഘങ്ങളുടെയും, ജനവിദ്യാ കേന്ദ്രങ്ങളുടെയും കാര്യത്തിലും പുറപ്പെടുവിക്കുന്നതിന് ജനറൽ കൗൺസിൽ തീരുമാനിച്ചിട്ടുണ്ട്. തദ്ദേശ സ്വയം ഭരണവകുപ്പ്, സഹകരണ സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും അക്ഷര സംഘങ്ങൾ, ജനവിദ്യാ കേന്ദ്രങ്ങൾ എന്നിവയുടെ നടത്തിപ്പിന് സാമ്പത്തിക സഹായം അനുവദിക്കുന്ന കാര്യവും ഗവൺമെൻറ് ഉത്തരവ് പുറപ്പെടുവിക്കുമ്പോൾ പരിഗണിക്കാവുന്നതാണ്. ഡി.ആർ.ഡി.എ. വ്യവസായ വകുപ്പ്, കൃഷിവകുപ്പ് എന്നിവയുടെ നേതൃത്വത്തിൽ നടത്തുന്ന പരിശീലനത്തിൻെറ പ്രയോജനം അക്ഷരസംഘത്തിലെ പഠിതാക്കൾക്ക് ലഭ്യമാക്കുന്നതിനും തൊഴിലിലുള്ള അവരുടെ കാര്യക്ഷമത വികസിപ്പിക്കുന്നതിനും പ്രയോജനപ്പെടുത്താവുന്നതാണ്. വിവിധ വകുപ്പുകൾ നടപ്പിലാക്കി വരുന്ന പദ്ധതികളെക്കുറിച്ചുള്ള ലഘു ലേഖകളും ബന്ധപ്പെട്ട വകുപ്പുകളുടെ സഹായത്തോടെ അക്ഷരസംഘങ്ങളിൽ എത്തിക്കാൻ കഴിയും.

1993 മാർച്ച് മാസത്തിന് മുമ്പ് തന്നെ ജില്ലാ കളക്ടർമാർ ഡിവിഷൻ കോ-ഓർഡിനേറ്റർമാരെ നിയമിക്കണം. കേരള സാക്ഷരതാ സമിതിയുടെ ആഭിമുഖ്യത്തിലുള്ള പ്രവർത്തനം അവസാനിക്കുന്നതിന് മുമ്പ് പ്രസ്തുത ഉദ്യോഗസ്ഥന്മാർ അതത് ഡിവിഷൻെറ പ്രവർത്തനം ഏറ്റെടുക്കേണ്ടത് തുടർന്നുള്ള പ്രവർത്തനം സുഗമമായി നടത്തുന്നതിന് അനിവാര്യമാണ്. അക്ഷരസംഘങ്ങളുടെയും ജനവിദ്യാ കേന്ദ്രങ്ങളുടേയും നടത്തിപ്പിന് വേണ്ട മിനിമം തുക സംസ്ഥാന ബഡ്ജറ്റിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുന്നതിന് ഗവൺമെൻറിനോട് അഭ്യർത്ഥിക്കുന്നതിന് 4-1-1993 - ൽ ചേർന്ന ജനറൽ കൗൺസിൽ യോഗം തീരുമാനിച്ചിട്ടുണ്ട്. അക്ഷരസംഘം/ജനവിദ്യാകേന്ദ്രം കൺവീനർമാർക്ക് അവയുടെ നടത്തിപ്പ് സംബന്ധിച്ച പരിശീലനം നൽകുന്നതിന് ജില്ലാ തലത്തിൽ പ്രത്യേക സംവിധാനം ആവശ്യമാണ്. മുൻപ് പറഞ്ഞ വിദഗ്ധ സമിതിക്കു തന്നെ പരിശീലന പരിപാടി തയ്യാറാക്കുന്നതിനും നടത്തുന്നതിനും സാധിക്കും. 'ഡയറ്റി'ൻെറ സഹായവും കൂടി ഇതിന് വിനിയോഗിക്കാവുന്നതാണ്. വിവിധ തൊഴിൽ ചെയ്യുന്നതിൽ പഠിതാക്കൾക്കുള്ള വൈഭവം പരിപോഷിപ്പിക്കുന്നതിനു വേണ്ടിയുള്ളതായിരിക്കും പ്രസ്തുത പരിശീലനം. ആരോഗ്യം, കൃഷി, ഫിഷറീസ്, അനിമൽ ഹസ്ബൻററി, വ്യവസായം എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥന്മാരുടെ സേവനം പരിശീലനം നൽകുന്നതിന് വിനിയോഗിക്കാവുന്നതാണ്.

Proposed Organisational Structure
for
Post Literacy & Continuing Education Programme after 31-03-1993



# അക്ഷര സംഘത്തിൻെറ ഭാഗമായ വിവിധ വേദികളുടെ പ്രവർത്തനം എങ്ങനെ ഫലപ്രദമാക്കാം ?

സമ്പൂർണ്ണ സാക്ഷരത നേടിയവരെ ഉയർന്ന സാക്ഷരതാ നിലവാരത്തിലെത്തിക്കുന്നതിനും, സ്വയം പഠനത്തിനുള്ള സാഹചര്യം സൃഷ്ടിച്ച് അവരുടെ നില കൂടുതൽ മെച്ചപ്പെടുത്തുന്നതിനും, ആധുനിക ശാസ്ത്ര-സാങ്കേതിക വിദ്യകളിൽ പരിശീലനം നൽകി അവരുടെ പ്രവർത്തനക്ഷമത വികസിപ്പിക്കുന്നതിനും സഹായകമായ പരിപാടികളാണ്, തുടർ വിദ്യാഭ്യാസത്തിലൂടെ നടപ്പിലാക്കേണ്ടത്. ഇവ പ്രായോഗികമാക്കുന്നതിനു സഹായകമായ വിവിധ ഘടകങ്ങൾ താഴെപ്പറയുന്നവയാണ്.

എ. ജനവിദ്യാകേന്ദ്രങ്ങൾ

ബി. അക്ഷര സംഘങ്ങൾ

സി. വിവിധ വേദികൾ

1993 മാർച്ച് മാസത്തോടുകൂടി കേരള സാക്ഷരതാ സമിതിയുടെ ആഭിമുഖ്യത്തിലുള്ള സാക്ഷരതാ പ്രവർത്തനം ഇന്നത്തെ രീതിയിൽ അവസാനിപ്പിക്കാനാണ് സാദ്ധ്യത. തുടർന്നു ബഹുജന പങ്കാളിത്തത്തോടും സജീവ പിന്തുണയോടും തുടർവിദ്യാഭ്യാസ പ്രവർത്തനം തുടർന്നു പോകേണ്ടത് ആവശ്യവുമാണ്.

അക്ഷര സംഘങ്ങളുടെ ഭാഗമെന്ന നിലയിൽ പ്രധാനമായി നാലു വേദികൾ രൂപീകരിക്കുവാനും, അവയുടെ പ്രവർത്തനത്തിലൂടെ സാമൂഹിക മാറ്റത്തിനുള്ള പരിശ്രമങ്ങൾ തുടരുവാനും സാധിക്കണം.

## പ്രധാന വേദികൾ

പ്രവർത്തന ക്ഷമതയും പ്രായോഗിക സൗകര്യങ്ങളും കണക്കിലെടുത്താണ്, ഈ വേദികളുടെ രൂപീകരണത്തിനുള്ള നിർദ്ദേശം ഉന്നയിക്കുന്നത്. ഈ വേദികളുടെ പ്രവർത്തന ലക്ഷ്യം,വ്യക്തിയുടെ വികാസവും അതിലൂടെ സ മൂഹത്തിൻെറ സമഗ്രമായ പുരോഗതിയുമാണ്. അതിനാൽ ഈ വേദികളുടെ പ്രവർത്തനത്തിനു ഏതെങ്കിലും ഒരു പ്രത്യേക മാർഗ്ഗരേഖ പിന്തുടരുവാൻ സാദ്ധ്യമല്ല; അതിൻെറ ആവശ്യവുമില്ല. ഓരോ പ്രദേശത്തിൻെറയും പ്രത്യേക പരിതസ്ഥിതികൾക്കനുസൃതമായ മാറ്റങ്ങൾ വരുത്തേണ്ടത് ആവശ്യമായിത്തീരും. കടലോരങ്ങളിൽ നിവസിക്കുന്നവരുടെ ആവശ്യങ്ങളും പ്രശ്നങ്ങളും മലയോരങ്ങളിലും വനാന്തരങ്ങളിലും വസിക്കുന്ന ആദിവാസികളുടേതിൽ നിന്ന് വളരെ വ്യത്യസ്തമായിരിക്കും. അതുപോലെ തന്നെ, നഗരവാസികളുടെയും ഗ്രാമവാസികളുടെയും ജീവിതരീതികളിൽ കാണുന്ന വൈവിധ്യം അവരുടെ ആവശ്യങ്ങളിലും പ്രശ്നങ്ങളിലും പ്രതിഫലിക്കുമെന്നുള്ളതിൽ സംശയമില്ല. കർഷക തൊഴിലാളികളുടെയും വ്യവസായിക തൊഴിലാളികളുടെയും ഭാഷാന്യൂനപക്ഷങ്ങളിൽ പെട്ടവരുടെയും ആവശ്യങ്ങളിൽ വൈവിധ്യം കാണുന്നതുപോലെ തന്നെ, പ്രശ്നങ്ങളിലും അന്തരങ്ങളുണ്ടാകും. അതിനാൽ വിവിധ വേദികളുടെ രൂപീകരണത്തിൽ ഐക്യസ്വഭാവം എല്ലാ പ്രദേശങ്ങളിലും കാണണമെന്നില്ല. അതുപോലെ തന്നെ താഴെ സൂചിപ്പിച്ചിരിക്കുന്ന വേദികളുടെ പ്രവർത്തനമേഖലകളിലും വ്യതിയാനങ്ങൾ ഉണ്ടാകാവുന്നതാണ്. പുതിയകർമ മണ്ഡലങ്ങൾ കണ്ടുപിടിക്കുകയും,പ്രവർത്തനരീതികൾ കൂടുതൽ വ്യാപിപ്പിക്കുകയും കാര്യക്ഷമമാക്കുകയും ചെയ്യാം.

പ്രധാനമായി രൂപീകരിക്കേണ്ട വേദികൾ താഴെപറയുന്നവയാണ്.

1. വികസന വേദി
2. വനിതാ വേദി
3. വിജ്ഞാന വേദി
4. കലാ-സാംസ്കാരിക വേദി

ഈ വേദികളെ താഴെപ്പറയുന്ന വിധം ക്രമീകരിക്കണമെന്ന അഭിപ്രായക്കാരുമുണ്ട്.

1. വനിതാ വേദി
2. വികസന വേദി
3. വിജ്ഞാനവേദി
4. വിനോദ വേദി

ഈ വേദികളുടെ പ്രവർത്തനം ഏതു രൂപത്തിലായിരിക്കണമെന്നുള്ളതു വിശദമായ ചർച്ചയ്ക്ക് വിധേയമാക്കേണ്ടതാണ്. അവയുടെ ഒരു സാമാന്യ രൂപം മാത്രമാണ്, ഇവിടെ സൂചിപ്പിക്കുന്നത്.

## I വികസന വേദി

സാക്ഷരതാ പ്രവർത്തനം സമൂഹത്തിൻെറ വികസന പ്രക്രിയയുടെ ആദ്യപടിയാണ്. സാക്ഷരതയുടെ മുഖ്യലക്ഷ്യങ്ങളിലൊന്നായി ദേശീയ സാക്ഷരതാ മിഷൻ ഊന്നിപ്പറഞ്ഞിട്ടുള്ള വസ്തുത, വികസന പ്രവർത്തനങ്ങളിൽ പങ്കാളിത്തം വഹിക്കുകയും സംഘടിത പ്രവർത്തനങ്ങളിലൂടെ സ്വന്തം അവകാശങ്ങൾ നേടാൻ കഴിവു സമ്പാദിക്കുകയുമാണ്.

സാക്ഷരതയുടെ അനുബന്ധമെന്ന നിലയിൽ നാട്ടിൽ നടക്കുന്ന വികസന പ്രവർത്തനങ്ങളെക്കുറിച്ചും, അതിൻെറ നാനാ മുഖമായ ലക്ഷ്യങ്ങളെക്കുറിച്ചും നവസാക്ഷരരെ ബോധവാന്മാരാക്കുകയാണ്, ഇക്കാര്യത്തിൽ ആദ്യം ചെയ്യേണ്ടത്. തങ്ങൾക്കവകാശപ്പെട്ട സാമൂഹിക ക്ഷേമ പദ്ധതികൾ വഴിയുള്ള ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്നും അവ എങ്ങനെ ലഭ്യമാക്കാമെന്നും അറിയാൻ കഴിയാത്തവരാണ് നവസാക്ഷരരിലധികവും. അതിനാൽ പലവിധ സാമൂഹിക ക്ഷേമ പരിപാടികളെക്കുറിച്ചും വികസന പദ്ധതികളെക്കുറിച്ചും അറിവു നൽകാൻ ഒരു സംവിധാനം ആവശ്യമാണ്.

ആനുകൂല്യങ്ങൾ ലഭിക്കാനുള്ള അറിവിൽ നിന്നു മൊത്തത്തിൽ വികസന സങ്കല്പത്തെക്കുറിച്ചും വികസനത്തിൻെറ ലക്ഷ്യത്തെക്കുറിച്ചുമുള്ള അറിവിലേക്ക് നവസാക്ഷരരെ നയിക്കണം. സാക്ഷരർ ഏകപക്ഷീയമായ ആനുകൂല്യങ്ങളുടെ നിസ്സഹായനായ ഗുണഭോക്താവെന്ന നിലയിൽ നിന്ന്, വികസന പ്രവർത്തനത്തിൽ നേരിട്ടു പങ്കെടുക്കുന്നവൻ എന്ന നിലയിലേക്ക് ഉയരണം. ആധുനിക വിജ്ഞാനവും ശാസ്ത്രീയബോധവും, ആരോഗ്യവിജ്ഞാനവും സ്വായത്തമാക്കാനുള്ള അവസരവും നവസാക്ഷരന് ഉണ്ടാകേണ്ടതാണ്. സാക്ഷരതയിലൂടെ അവൻ നേടിയ ചിന്താപരവും വൈകാരികവുമായ നേട്ടങ്ങൾ അവൻെറ തൊഴിൽ ശേഷിയെ സംപുഷ്ടമാക്കും. ഇന്നു നിലവിലിരിക്കുന്ന ഉപഭോഗപരതയിലും സുഖലോലുപതയിലും അധിഷ്ഠിതമായ വികസന സംസ്കാരത്തിൽ ആവശ്യമായ മാറ്റങ്ങൾ ഉണ്ടാക്കുവാൻ നവസാക്ഷരനു സാധിക്കണം.

### വികസന വേദി എന്തുകൊണ്ട്?

വികസനത്തിൻെറ മുൻ ഉപാധി വികേന്ദ്രീകരണമാണ്;- വികേന്ദ്രീകരണാസൂത്രമാണ്. അക്ഷരസംഘങ്ങൾ ജീവിത പരിശീലന കേന്ദ്രങ്ങളായി മാറുമ്പോൾ മാത്രമേ യഥാർത്ഥ അധികാര വികേന്ദ്രീകരണം സംഭവിക്കുകയുള്ളൂ. വികസന സങ്കല്പങ്ങൾ - അതായത് എല്ലാവർക്കും ഭക്ഷണവും, വസ്ത്രവും പാർപ്പിടവും സാമാന്യ വിദ്യാഭ്യാസവും ആരോഗ്യവും - യഥാർത്ഥ്യമാക്കുവാനുള്ള ഒരുത്തമ ഉപാധിയാണ് വികസനവേദി. സ്വാശ്രയത്തിലും, സ്വയം പര്യാപ്തതയിലും അധിഷ്ഠിതമായ ഗ്രാമങ്ങളുടെ സൃഷ്ടി എന്ന തുടർ വിദ്യാഭ്യാസ ലക്ഷ്യം, ഈ വികസന വേദിയുടെ പ്രവർത്തനങ്ങളിലൂടെ സാധിതമാക്കാം.

വികസന വേദിയുടെ പ്രവർത്തനക്ഷമതയ്ക്ക് സഹായകമായ രീതിയിൽ ഉപവേദികളും സംഘടിപ്പിക്കാവുന്നതാണ്. ഉദാഃ ജലവേദി, ആരോഗ്യവേദി കാർഷികവേദി, വിദ്യാഭ്യാസവേദി. ഈ ഉപവേദികളിൽ അവതരിപ്പിച്ച വിഷയങ്ങളുടെ ചർച്ചകൾക്ക് അവസാനരൂപം നൽകാൻ എല്ലാ ഉപവേദികളിലെ അംഗങ്ങളും ഉൾപ്പെട്ട വികസനവേദിയ്ക്ക് സാധിക്കും. ഒരു പ്രദേശത്തെ വികസന പ്രവർത്തനം, പരിസര സംരക്ഷണം, ആരോഗ്യം, ശുചിത്വം, രോഗപ്രതിരോധം, ജനസംഖ്യനിയന്ത്രണം, ചെലവു കുറഞ്ഞ പോഷകാഹാരങ്ങളുടെ ഉപയോഗം, വനസംരക്ഷണം, നഗരങ്ങളിലേയ്ക്കുള്ള കുടിയേറ്റ പ്രശ്നങ്ങൾ ആദിയായ വിഷയങ്ങളെ അധികരിച്ചുള്ള ചർച്ചകൾ ഉപവേദികളിലും തുടർന്നു വികസന വേദിയുടെ സമ്പൂർണയോഗത്തിലും നിർവഹിക്കാവുന്നതാണ്.

### ബഹുജന പങ്കാളിത്തത്തോടെയും പിന്തുണയോടെയും വികസനവേദിക്ക് നടത്താവുന്ന ചില പ്രവർത്തനങ്ങൾ.

1. ക്ഷേമ പ്രവർത്തനങ്ങളെക്കുറിച്ചുള്ള അറിവും അതുനേടാനുള്ള ശ്രമവും വ്യാപകമാക്കുക.
2. നവസാക്ഷരരുടെ താമസസ്ഥലത്തിനു ചുറ്റുമുള്ള ആരോഗ്യ വികസന പ്രശ്നങ്ങൾ തിരിച്ചറിയാനുള്ള പരിശീലനം സംഘടിപ്പിക്കുക.
3. തിരിച്ചറിഞ്ഞ പ്രശ്നങ്ങൾക്ക് പരിഹാരം കാണാനുള്ള പരിശ്രമങ്ങൾക്കു രൂപം നൽകുക.
4. ശ്രമദാനങ്ങളിലൂടെ പഠിതാക്കളുടെയും ഇതരവ്യക്തികളുടെയും ഗൃഹങ്ങളുടെ അറ്റകുറ്റപ്പണികളും കക്കൂസ്, കിണർ, കുളം എന്നിവയുടെ നിർമ്മാണവും സാധിതമാക്കുക.
5. ശുദ്ധജല വിതരണത്തിനുള്ള ഏർപ്പാടുകൾ ചെയ്യുക.
6. നിർമ്മാണ പ്രവർത്തനങ്ങളിൽ ബ്ളോക്കു വികസന സമിതികളുമായി സഹകരിക്കുക.

7. പരമ്പരാഗത തൊഴിലുകളിൽ ഏർപ്പെടുന്നവർക്കായി കൈത്തൊഴിൽ സംഘങ്ങളുടെ രൂപീകരണവും, ഉല്പാദന വിപണനവും ഏറ്റെടുക്കുക.

8. റവന്യൂ വകുപ്പ് ആവിഷ്ക്കരിച്ചിട്ടുള്ള 'ഗ്രാമസഭ'കളിലും, താലൂക്കു സഭകളിലും സജീവ പങ്കാളിത്തം ഉറപ്പു വരുത്തുക.

9. പരിസര മലിനീകരണത്തിനെതിരായ പ്രവർത്തനങ്ങൾക്ക് രൂപം നൽകുക.

10. മെഡിക്കൽ ക്യാമ്പ്, നേത്ര പരിശോധന ക്യാമ്പ് തുടങ്ങിയവ സംഘടിപ്പിക്കുക.

## II വനിതാ വേദി

സ്വന്തം ദുരവസ്ഥയ്ക്കുള്ള കാര്യങ്ങളെക്കുറിച്ച് ബോധമുണ്ടാക്കാനും ദുരവസ്ഥയ്ക്കെതിരെ സംഘടിച്ച് കൂട്ടായ പ്രവർത്തനങ്ങളിലൂടെ പരിഹാരം കണ്ടെത്താനും, വികസന പ്രവർത്തനങ്ങളിൽ ഫലപ്രദമായി പങ്കെടുക്കാനും പ്രാപ്തി നേടുക എന്നതാണ് സാക്ഷരതാനന്തര തുടർ വിദ്യാഭ്യസത്തിൻെറ ലക്ഷ്യം. ജനസംഖ്യയുടെ പകുതിയിലധികമായ വനിതകളെ സംഘടിപ്പിച്ച്, കൂട്ടായ പ്രവർത്തനങ്ങളിൽ ഭാഗഭാക്കാക്കി, അവരുടെ പൊതുവായ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താനുള്ള ഒരു ഉത്തമ മാർഗ്ഗമാണ്, അക്ഷരസംഘങ്ങളുടെ ഭാഗമായി രൂപീകരിക്കപ്പെടുന്ന വനിതാ വേദി.

ലോകജനസംഖ്യയുടെ പകുതിയോളം വരുന്ന വനിതകളാണ് ലോകത്താകമാനമുള്ള മനുഷ്യപ്രയത്നത്തിൻെറ മൂന്നിൽ രണ്ടു ഭാഗം സംഭാവന ചെയ്യുന്നതെന്ന് ശാസ്ത്രീയ പഠനങ്ങൾതെളിയിച്ചിട്ടുണ്ട്. അതേ സമയം ലോകസ്വത്തിൻെറ ഒരു ശതമാനത്തിനു താഴെയും ലോകവരുമാനത്തിൻെറ പത്തിലൊന്ന് ഭാഗത്തിനും മാത്രമാണ് സ്ത്രീകൾക്ക് അവകാശപ്പെട്ടിരിക്കുന്നത് എന്ന യാഥാർത്ഥ്യവും പ്രസ്തുത പഠനങ്ങൾ വെളിപ്പെടുത്തുന്നു.

ഈ സംസ്ഥാനത്തിൻെറ ജനസംഖ്യയുടെ പകുതിയിലധികവും സ്ത്രീകളാണ്. നവസാക്ഷരരിലും സാക്ഷരതാ പ്രവർത്തകരിലും ഭൂരിഭാഗവും സ്ത്രീകളാണ്. തുടർ വിദ്യാഭ്യാസത്തിൻെറ മുഖ്യ ലക്ഷ്യം കൈവരിക്കുന്നതിൽ ഭൂരിപക്ഷം വരുന്ന വനിതകളെ സംഘടിപ്പിക്കുന്ന ഒന്നാണ് വനിതാവേദി. അന്ധവിശ്വാസങ്ങളും, അനാചാരങ്ങളും, സ്ത്രീ പീഡനവും ഒഴിവാക്കി, സ്ത്രീകളുടെ അവകാശങ്ങൾ സംരക്ഷിക്കാൻ, അക്ഷര സംഘങ്ങളുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കപ്പെടുന്ന വനിതാവേദികൾക്കു സാധിക്കും. സമൂഹത്തിലെ വിവിധ രംഗങ്ങളിൽ പ്രവർത്തിക്കുന്ന വനിതകൾക്ക് വ്യത്യസ്ത രീതിയിലുള്ള പ്രശ്നങ്ങളാണ് അഭിമുഖീകരിക്കാനുണ്ടാവുക. അവ കൈകാര്യം ചെയ്യുവാനും, സ്ത്രീകളുടെ പൊതുവായ പിന്നോക്കാവസ്ഥയ്ക്ക് നിത്യ പരിഹാരം കാണുവാനും വനിതാവേദികൾ യത്നിക്കേണ്ടതുണ്ട്. സ്ത്രീകൾക്ക് സാമ്പത്തിക സ്വാതന്ത്ര്യം ലഭ്യമാക്കുന്നതിനു മുമ്പ്, പരമ്പരാഗതമായി അനുവർത്തിച്ചു വരുന്ന അടിസ്ഥാനരഹിത വിശ്വാസങ്ങളിൽ നിന്നും അവരെ മോചിപ്പിക്കുവാനുള്ള ബോധവൽക്കരണ പരിപാടികൾക്ക് രൂപം നൽകേണ്ടതുണ്ട്.

**വനിതാവേദിയ്ക്ക് ഏറ്റെടുത്ത് നടപ്പിലാക്കാവുന്ന ചില പരിപാടികൾ ചുവടെ ചേർക്കുന്നു.**

1. അടിസ്ഥാന രഹിതങ്ങളായ അന്ധവിശ്വാസങ്ങളിൽ നിന്നു മോചനം ലഭിക്കുന്നതിനു ആവശ്യമായ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുക.

2. ആൺകുട്ടികളെയും പെൺകുട്ടികളെയും തുല്യമായി പരിഗണിച്ചുകൊണ്ട് ഗൃഹാന്തരീക്ഷം സൃഷ്ടിക്കുന്നതിനുള്ള പരിശീലനം നൽകുക.

3. ആരോഗ്യ പരിപാലനത്തെ സംബന്ധിക്കുന്ന ചർച്ചകളും, ബോധവൽക്കരണ ക്ലാസ്സുകളും, മെഡിക്കൽ ക്യാമ്പുകളും, ഭവന സന്ദർശനപരിപാടികളും നടപ്പിൽ വരുത്തുക.

4. ഭക്ഷണം തയ്യാറാക്കുന്നതിലും അതു സൂക്ഷിക്കുന്നതിലും വേണ്ട പരിശീലനം കൊടുക്കുക.

5. സാമ്പത്തിക കാര്യങ്ങളെക്കുറിച്ചുള്ള അറിവു നൽകി കുടുംബ ബജറ്റ് തയ്യാറാക്കി അതിനനുസൃതമായി ചെലവു നിയന്ത്രിക്കാനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ നൽകാൻ സഹായിക്കുക.

6. ചൂഷണങ്ങളിൽ നിന്നും പീഡനങ്ങളിൽ നിന്നും മോചനം ലഭിക്കാനുള്ളനിയമപരമായ അറിവു നൽകുക.

7. ജനസംഖ്യാ നിയന്ത്രണവും ആരോഗ്യപൂർണമായ കുടുംബവും തമ്മിലുള്ള ബന്ധം വ്യക്തമാക്കിക്കൊടുക്കാനുള്ള അറിവ് പ്രദാനം ചെയ്യുക.

8. കലാപരിപാടികളും കായിക മത്സരങ്ങളും സംഘടിപ്പിക്കുക.

9. സാമ്പത്തിക ഉന്നമനത്തിനു സഹായകമായ രീതിയിലുള്ള തയ്യൽക്ലാസ്സുകൾ, എംബ്രോയിഡറി വർക്കുകൾ ആദിയായവയിൽ പരിശീലനം നൽകുകയും, ഉല്പാദിപ്പിക്കപ്പെടുന്നവയുടെ വിപണനത്തിനു സൗകര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കുകയും ചെയ്യുക.

10. ബാലവാടി/അംഗൻവാടി/നഴ്സറി സ്കൂളുകൾ സംഘടിപ്പിക്കുക.

11. കൈത്തൊഴിലുകളിൽ പരിശീലനം നൽകുക.

12. ഭക്ഷ്യപദാർത്ഥങ്ങൾ, ആവശ്യാനുസരണം ഉൽപ്പാദിപ്പിച്ച് വിപണനം നടത്തുക.

## III വിജ്ഞാനവേദി

സാക്ഷരത കൈവരിക്കുന്നതോടൊപ്പം വികസന പ്രവർത്തനങ്ങളുടെ പ്രാധാന്യം ഗ്രഹിക്കുവാനും, അവയിൽ സജീവ പങ്കാളിത്തവും പിന്തുണയും ഉറപ്പാക്കുവാനും ഉള്ള കഴിവ് നവസാക്ഷരരിൽ വളർത്തിയെടുക്കുക എന്നുള്ളതാണ്, വിജ്ഞാനവേദിയുടെ പ്രഥമവും പ്ര ധാന വുമായ കർത്തവ്യം.

നവസാക്ഷരരിൽ നല്ലൊരു വിഭാഗവും പലകാര്യങ്ങളെക്കുറിച്ചും അജ്ഞരാണ്. അക്ഷരം അറിവല്ല, അറിവിൻ കവാടമാണെന്ന് അവരെ ബോദ്ധ്യപ്പെടുത്തുകയും, ആ കവാടത്തിലേക്ക് അവരെ ആനയിക്കുകയും വേണം. അർഹതപ്പെട്ട പലതും നിഷേധിക്കപ്പെടാൻ അജ്ഞത കാരണമാകുന്നു എന്ന വസ്തുത അവരെ ബോധ്യപ്പെടുത്തേണ്ടതുണ്ട്; അറിവില്ലാത്തവരാണ് ഏറ്റവും കൂടുതൽ ചൂഷണത്തിനു വിധേയരാകുന്നതെന്ന യാതാർത്ഥ്യവും, പഠിതാക്കളുടെ ജീവിതത്തിൽ നിന്നുള്ള ഉദാഹരണങ്ങളിലൂടെ അവരെ ബോധവല്കരിക്കുന്നതിനുള്ള ശ്രമങ്ങളും തുടരേണ്ടതാണ്. നവസാക്ഷരർക്ക് പകർന്നുകൊടുക്കുന്ന അറിവ്, അവരെ തിരിച്ചറിവിലേക്ക് നയിക്കാൻ പര്യാപ്തമാകണം. പഠിതാക്കൾക്കു ലഭിക്കുന്ന അറിവ് അവരുടെ നിത്യ ജീവിതത്തിൽ പ്രയോജനപ്പെടേണ്ടതാണ്.

**വിജ്ഞാനവേദിക്ക് നടപ്പിലാക്കാവുന്ന ചില പരിപാടികൾ ചുവടെ ചേർക്കുന്നു:**

1. അക്ഷര സംഘത്തിന്റെ പരിധിയിൽ വരുന്ന 6 - നും 14 - നു മിടക്ക് പ്രായമുള്ളവരും താഴെപ്പറയുന്ന വിഭാഗത്തിൽപെട്ടവരുമായ കുട്ടികളുടെ വിവരം ശേഖരിക്കണം.

    എ. സ്കൂളിൽ ചേർന്നിട്ടില്ലാത്തവർ

    ബി. ഇടയ്ക്ക് പഠനം നിർത്തിയവർ

    സി. പഠനത്തിൽ പിന്നോക്കം നില്കുന്നവർ

ഇവയിൽ 'എ''ബി' വിഭാഗത്തിൽപ്പെട്ടവർക്കു പരിശീലനം നൽകി, അടുത്ത സ്കൂൾ വർഷത്തിൽ അനുയോജ്യമായ ക്ലാസ്സുകളിൽ ചേർക്കണം. 'സി' വിഭാഗത്തിൽ പെട്ടവർക്ക് വിദഗ്ധ അധ്യാപകരുടെ സഹായത്തോടെ പരിഹാര ബോധന പരിപാടി തയ്യാറാക്കി അവർക്ക് പ്രത്യേക പഠന സൗകര്യം ഉണ്ടാക്കിക്കൊടുക്കണം.

2. നവസാക്ഷരർക്ക് സ്വയം പഠനത്തിനും പ്രയോഗത്തിനുമുള്ള പഠനോപകരണങ്ങളുടെ ശേഖരണം, തയ്യാറാക്കൽ, വിതരണം എന്നിവ ഏറ്റെടുത്തു നടത്തുക.

3. വേണ്ടത്ര ട്യൂഷൻ ക്ലാസ്സുകൾ സംഘടിപ്പിക്കുക.

4. സ്കൂൾ വർഷാരംഭത്തിൽ, സ്കൂളിൽ പോകാൻ പ്രായമുള്ള കുട്ടികളെ ക്ലാസ്സിൽ ചേർക്കാനുള്ള തീവ്രയത്ന പരിപാടി നടപ്പാക്കുക.

5. സ്കൂളുകളിൽ ലിറ്ററസി ക്ലബ്ബുകൾ സംഘടിപ്പിക്കുകയും സാക്ഷരതാ പ്രവർത്തനങ്ങളിൽ അവരെ പങ്കാളികളാക്കുകയും ചെയ്യുക.

6. സ്കൂളുകളിൽ ദേശീയ ഗാനാലാപനത്തിനുശേഷം അനുയോജ്യമായ സാക്ഷരതാ ഗാനാലാപനം ഉറപ്പുവരുത്തുക.

7. പ്രാദേശിക പ്രശ്നങ്ങളെ അധികരിച്ച് സെമിനാറുകൾ, ശാസ്ത്ര-സാങ്കേതിക പ്രദർശനങ്ങൾ എന്നിവ സംഘടിപ്പിക്കുക.

8. പ്രാദേശികാഘോഷങ്ങൾക്കും, ദേശീയാഘോഷങ്ങൾക്കും നേതൃത്വം നൽകുക.

9. പരിസര മലിനീകരണത്തിനെതിരായും ആരോഗ്യ സംരക്ഷണത്തിനാവശ്യവുമായ ബോധവല്ക്കരണ പരിപാടികൾ ആസൂത്രണം ചെയ്തു നടപ്പാക്കുക.

10. ശാസ്ത്രീയ ചിന്താഗതിയും യുക്തി ബോധവും വളർത്തുന്നതിനാവശ്യമായ പരിപാടികൾ സംഘടിപ്പിക്കുക.

11. വികസന പ്രവർത്തനങ്ങൾക്ക് അത്യന്താപേക്ഷിതമായ സമ്പൂർണ സർവേ നടത്തുക.

12. അവകാശങ്ങളെ കുറിച്ചും കടമകളെ കുറിച്ചും അവയുമായി ബന്ധപ്പെട്ട നിയമങ്ങളെ കുറിച്ചും അവബോധം സൃഷ്ടിക്കുക.

13. ഉപഭോക്തൃ സമിതി, സ്വാശ്രയത്വ സമിതി എന്നിവയുമായി ബന്ധം പുലർത്തുക.

14. അവശ വിഭാഗങ്ങളിൽ പെട്ടവരുടെ സർക്കാർ പെൻഷൻ ലഭ്യാമാക്കുന്നതിനുള്ള ശ്രമങ്ങൾ തുടരുക.

15. പഠനോപകരണ ശില്പശാല, പഠന യാത്ര എന്നിവ സംഘടിപ്പിക്കുക.

16. അഭ്യസ്ത വിദ്യരായ തൊഴിൽ രഹിതർക്കു തൊഴിലവസരങ്ങളെപ്പറ്റിയുള്ള അറിവു നൽകുക.

## IV സാംസ്കാരിക-കലാവേദി

അക്ഷരജ്ഞാനവും പൊതു വിജ്ഞാനവും നേടുന്നതിനോടൊപ്പം തന്നെ സാംസ്കാരികവും കലാപരവുമായ കാര്യങ്ങളിൽ കൂടി നവസാക്ഷരരെ നയിക്കുകയും രാഷ്ട്രത്തിൻെറ സാംസ്കാരിക ധാരയുമായി ഇണക്കിച്ചേർക്കുകയും ചെയ്യുക സാംസ്കാരിക-കലാവേദിയുടെ മുഖ്യ ലക്ഷ്യമാണ്. ഇതിനെ വിനോദവേദിയെന്നും പറയാവുന്നതാണ്.

**സാംസ്കാരിക-കലാവേദിക്ക് ഏറ്റെടുത്തു നടപ്പിലാക്കാവുന്ന ചില പരിപാടികൾ ചുവടെ ചേർക്കുന്നു.**

1. നാടൻ കലകളുടെ പഠനവും അവതരണവും. ഇവയിൽ നാടൻ പാട്ടുകൾ നാടോടി നൃത്തങ്ങൾ, നൃത്തങ്ങൾ, നൃത്തഗന്ധികളായ കളികൾ, ആയോധന കലകൾ, നാടൻ കളികൾ, നാടോടി നാടകങ്ങൾ, കഥാപ്രസംഗം, ഓട്ടൻ തുള്ളൽ, കാവ്യകേളി, ചൊൽക്കാഴ്ച, കഥയരങ്ങ്, ആദിയായവ ഉൾപ്പെടും.

   ഉത്സവങ്ങളും, വിവിധ മതസ്ഥരുടെ ദേശീയോത്സവങ്ങളും സാംസ്കാരിക കലാവേദിക്കു സമർത്ഥമായി കൈകാര്യം ചെയ്യാൻ കഴിയും. നാടക സംഘങ്ങളും ഗാന സംഘങ്ങളും സംഘടിപ്പിച്ച് കലാ-സാംസ്കാരിക പ്രവർത്തനങ്ങൾക്ക് പ്രോത്സാഹനം നൽകാൻ കഴിയണം.

2. സാഹിത്യ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക. കഥകൾ, ഗാനങ്ങൾ, കവിതകൾ എന്നിവയുടെ അവതരണം, രചനയ്ക്കുള്ള പ്രോത്സാഹനം, സാഹിത്യ കൃതികളെപ്പറ്റിയുള്ള ചർച്ചകൾ സംഘടിപ്പിക്കുക, അക്ഷര ശ്ളോകമത്സരങ്ങൾ നടത്തുക സാഹിത്യക്കളരികളും, ലഘു ശിൽപ്പശാലകളും സംഘടിപ്പിക്കുക.

3. വായന ശാലകളുടെ സംസ്ഥാപനം, പത്രങ്ങളും മാസികകളും, ലഘുലേഖകളും കൈയെഴുത്തു മാസികകളും മറ്റും നവ സാക്ഷരർക്ക് വായനശാലകളിലൂടെ ലഭ്യമാക്കാം. വീടുതോറും പുസ്തകങ്ങൾ എത്തിക്കാനുള്ള പദ്ധതി ആവിഷ്കരിച്ചു നടപ്പിലാക്കാൻ വായനശാല പ്രവർത്തകർക്കു സാധിക്കും.

4. റേഡിയോ ടെലിവിഷൻ ആദിയായ മാധ്യമങ്ങളുടെ സഹായത്തോടെ വിജ്ഞാനവും വിനോദവും കലാബോധവും വളർത്താനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുക.

5. സൗഹൃദസദസ്സുകളുടെ രൂപീകരണം.

6. സാംസ്കാരിക യാത്രകൾ സംഘടിപ്പിക്കുക.

7. പ്രദർശനങ്ങൾ സംഘടിപ്പിക്കുക

8. സിനിമാ പ്രദർശനങ്ങൾക്കുള്ള ഏർപ്പാടുകൾ ചെയ്യുക.

9. വിവിധ മതസ്ഥരുടെ വിശേഷദിവസങ്ങൾ ആഘോഷിക്കുക.

10. വിവിധ കലാമത്സരങ്ങൾ നടത്തി നവസാക്ഷരരുടെ കലാബോധം വളർത്തുക.

മുകളിൽ സൂചിപ്പിച്ച വിവിധ വേദികളുടെ പ്രവർത്തനങ്ങൾ, നവസാക്ഷരരുടെയും ഇതര പൊതുജനങ്ങളുടെയും ഇടയിൽ ശാസ്ത്ര-വിജ്ഞാനം പ്രചരിപ്പിക്കുവാനും, കർമോൻമുഖതയുടെ ആവേശം സൃഷ്ടിക്കാനും, നമ്മുടെ സാംസ്കാരിക പൈതൃകത്തിൻെറ അന്തഃസത്ത ഉൾക്കൊള്ളുവാനും, ജീവിത നിലവാരം മെച്ചപ്പെടുത്താനും സഹായകമാകും. തുടർ വിദ്യാഭ്യാസത്തിൻെറ വിജയം, അർപ്പണ മനോഭാവമുള്ള സാക്ഷരതാ പ്രവർത്തകരുടെ ആത്മാർത്ഥതയോടുകൂടിയ പ്രവർത്തനങ്ങളിൽ അധിഷ് ഠിതമാണെന്നവസ്തുത ഓരോ പ്രവർത്തകനും മനസ്സിലാക്കേണ്ടതാണ്.

# രണ്ടാംഘട്ട സാക്ഷരതാ പദ്ധതി (Post Literacy Programme)

## മൂല്യ നിർണയം

സമ്പൂർണ സാക്ഷരതാ പദ്ധതിയിൽ പങ്കെടുത്ത നിരക്ഷരരെ, ദേശീയ സാക്ഷരതാ മിഷൻ അംഗീകരിച്ച നിബന്ധനകളുടെ അടിസ്ഥാനത്തിൽ നടത്തിയ ഒരു ബൃഹത്തായ മൂല്യ നിർണയത്തിനു ശേഷമാണ് നവസാക്ഷരരായി പ്രഖ്യാപിച്ചത്. 6 മുതൽ 60 വയസ്സുവരെ പ്രായമുള്ള ഏകദേശം 23 ലക്ഷം നിരക്ഷരരുണ്ടായിരുന്നെങ്കിലും അതിൽ ഏകദേശം 17.5 ലക്ഷം നിരക്ഷരരെ മാത്രമേ പഠന കേന്ദ്രങ്ങളിൽ കൊണ്ടുവരാൻ സാധിച്ചിരുന്നുള്ളു. എന്നാൽ മൂല്യ നിർണയത്തിൽ 12.22 ലക്ഷം പഠിതാക്കൾ മാത്രമാണ് വിജയിച്ചത്. ഇവരെ മാത്രമേ നവസാക്ഷരരായി പ്രഖ്യാപിച്ചുള്ളു.

ഇപ്രകാരം നവസാക്ഷരരായി പ്രഖ്യാപിക്കപ്പെട്ടവരുടെ സാക്ഷരത നിലനിറുത്തുന്നതിന് ഒരു ഉത്തര സാക്ഷരതാ പ്രവർത്തനം (Post Literacy Programme) അനിവാര്യമാണ്. ഇതിനെ തുടർന്ന് ഒരു തുടർ വിദ്യാഭ്യാസ പരിപാടി കൂടിയേതീരൂ. എങ്കിൽ മാത്രമേ ഇവർക്ക് കൂടുതൽ പഠിച്ച് അവരുടെ അറിവ് വളർത്താൻ സാധിക്കുകയുള്ളു.

സമ്പൂർണ സാക്ഷരതാ (Literacy Programme) → ഉത്തര സാക്ഷരതാ (Post Literacy) → തുടർ വിദ്യാഭ്യാസം (Continuing Education) → ആജീവനാന്ത വിദ്യാഭ്യാസം (Life Long Education)

ദേശീയ സാക്ഷരതാ മിഷൻ,നവസാക്ഷരരായി പ്രഖ്യാപിക്കുന്നതിന് ഒരുനിശ്ചിത നിലവാരം വായനയിലും, എഴുത്തിലും, കണക്കുകൂട്ടലിലും, പൊതുവിജ്ഞാനത്തിലും ആർജ്ജിച്ചിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഒന്നാം ഘട്ടത്തിൻെറ അവസാനത്തിൽ നടത്തിയ മൂല്യനിർണയത്തിൽ ഈ നിബന്ധനകളെല്ലാം പൂർണമായി പരിഗണിച്ചിരുന്നു. ഇതനുസരിച്ച് പ്രസ്തുത മൂല്യനിർണയത്തിൽ 70 ശതമാനമോ അതിലധികമോ മാർക്കു നേടിയ പഠിതാക്കളെ മാത്രമേ നവസാക്ഷരരായി പ്രഖ്യാപിച്ചിരുന്നുള്ളു. ഇതുപോലെ രണ്ടാംഘട്ട സാക്ഷരതാ പ്രവർത്തനത്തിൻെറ അവസാനവും വളരെ ബൃഹത്തായ ഒരു മൂല്യനിർണയം ദേശീയ സാക്ഷരതാ മിഷൻ വിവക്ഷിക്കുന്നുണ്ട്. ഒന്നാം ഘട്ടത്തിൽ തന്നെ ദേശീയസാക്ഷരതാ മിഷൻെറ നിബന്ധനകൾക്കനുസരിച്ചുണ്ടാക്കിയ മൂന്നു പാഠാവലികളുടെയും പഠനം പൂർത്തിയാക്കിയ പഠിതാക്കളെ മാത്രമേ മൂല്യനിർണയത്തിന് വിധേയരാക്കിയിരുന്നുള്ളു.

പ്രസ്തുത നിബന്ധനകൾ താഴെ കാണിച്ചിരിക്കുന്നു

### വായന

a. പഠിതാവിന് താല്പര്യമുള്ള ഒരു ലഘുവായ പുസ്തകഭാഗം മിനിറ്റിൽ 30 വാക്കുകൾ എന്ന തോതിൽ സാധാരണ രീതിയിൽ ഉച്ചത്തിൽ വായിക്കാനുള്ള കഴിവ്

b. ഒരു മിനിറ്റൽ 35 വാക്കുകൾ എന്ന തോതിൽ ലഘുഖണ്ഡികകൾ ലളിത ഭാഷയിൽ മൗനമായി വായിക്കാനുള്ള കഴിവ്.

c. റോഡു സിഗ്നലുകൾ, പോസ്റ്ററുകൾ ലഘു നിർദ്ദേശങ്ങൾ, നവസാക്ഷരർക്കുള്ള വാർത്താപത്രിക എന്നിവ വായിച്ചു മനസ്സിലാക്കിക്കൊടുക്കാനുള്ള കഴിവ്.

d. ഒരാളുടെ തൊഴിലുമായും, ജീവിത ചുറ്റുപാടുകളുമായും ബന്ധപ്പെട്ട ചെറിയ എഴുത്തുകുത്തുകൾ മനസ്സിലാക്കുവാനുള്ള കഴിവ്.

### എഴുത്ത്

a. ഒരുമിനിറ്റിൽ 7വാക്കുകൾ എന്ന വേഗതയിൽ മനസ്സിലാക്കി കണ്ടെഴുതുവാനുള്ള കഴിവ്.

b. ഒരു മിനിറ്റിൽ 5 വാക്കുകൾ എന്ന വേഗതയിൽ കേട്ടെഴുതുവാനുള്ള കഴിവ്.

c. വ്യക്തമായും വാക്കുകൾ വേർതിരിച്ചും എഴുതാനുള്ള കഴിവ്.

d. ദൈനംദിന ജീവിതത്തിനാവശ്യമായ കത്തുകൾ, അപേക്ഷാ ഫോറങ്ങൾ എന്നിവ പരസഹായം കൂടാതെ എഴുതാനും, പൂരിപ്പിക്കാനുമുള്ള കഴിവ്.

## കണക്കുകൂട്ടൽ

a. 1 മുതൽ 100 വരെയുള്ള സംഖ്യകൾ വായിക്കാനും എഴുതുവാനുമുള്ള കഴിവ്.

b. മൂന്നക്ക സംഖ്യകൾ തമ്മിൽ കൂട്ടാനും കുറയ്ക്കാനുമുള്ള കഴിവ്. കൂടാതെ മൂന്നക്കസംഖ്യകളെ രണ്ടക്ക സംഖ്യകൾ കൊണ്ട് ഗുണിക്കാനും ഹരിക്കാനുമുള്ള കഴിവ്.

c. തൂക്കം, വ്യാപ്തം, ദൂരം, വിസ്തീർണ്ണം എന്നിവയ്ക്കുള്ള അളവു തോതുകൾ, സമയം, രൂപയുടെ കണക്ക് എന്നിവയിലുള്ള പരിജ്ഞാനം.

d. ദൈനംദിന ജീവിതത്തിനാവശ്യമായ അംശബന്ധങ്ങൾ, പലിശ എന്നിവയിലുള്ള ബൃഹത്തായ പരിജ്ഞാനം

എന്നാൽ രണ്ടാംഘട്ട സാക്ഷരതാപരിപാടിയിൽ പങ്കെടുക്കുന്ന പഠിതാക്കൾക്ക് കുറച്ചുകൂടി ഉയർന്ന നിലവാരം ആർജ്ജിക്കേണ്ടതായുണ്ട്. ദേശീയ സാക്ഷരതാ മിഷൻ പ്രസ്തുത പഠിതാക്കൾ ആർജ്ജിക്കേണ്ട നിലവാരത്തെപ്പറ്റി പൊതുവായി ഒരു റിപ്പോർട്ടിൽ ഹ്രസ്വമായി പ്രതിപാദിക്കുന്നുണ്ട്. പോസ്റ്റ് ലിറ്ററസി പ്രൈമർ- 1 തയ്യാറാക്കിയത് മുകളിൽ പറഞ്ഞ വസ്തുത പരിഗണിച്ചാണ്. താഴെ പറയുന്ന വിഷയങ്ങൾ - കഥ, ലേഖനം, നാടകം, കവിത എന്നീ രൂപങ്ങളിൽ പ്രസ്തുത പാഠാവലിയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

1. ദേശീയോദ്ഗ്രഥനം: രാജ്യം എന്നതുകൊണ്ട് വിവക്ഷിക്കുന്നത് എന്താണെന്ന് ഭൂമിശാസ്ത്രം വിവരിക്കുന്ന ചിത്രം, രാജ്യത്തിൻെറ വിഭവങ്ങൾ പങ്കുവയ്ക്കുന്നതിൻെറ ആവശ്യകത മനസ്സിലാക്കുന്നതിന് ഒരു സംവിധാനം ഉണ്ടാക്കുക, രാജ്യത്തിൻെറ മഹത്വം ഊന്നിപ്പറയുക, സാമുദായിക സൗഹാർദ്ദം സാംസ്ക്കാരിക ബോധം ഇവ ഊട്ടിയുറപ്പിക്കുക.

2. പരിസ്ഥിതി സംരക്ഷണം: വായു, ജലം, മണ്ണ് എന്നിവയുടെ മലിനീകരണം അവയുടെ ഭവിഷ്യത്തുകൾ, വനനശീകരണം കൊണ്ടുണ്ടാകുന്ന ഭവിഷ്യത്തുകൾ - വനവൽക്കരണ വനസംരക്ഷണത്തിൻെറയും അവ പരിരക്ഷിക്കുന്നതിൻേറയും ആവശ്യകത.

3. ജനസംഖ്യാവിദ്യാഭ്യാസം: ചെറിയ കുടുംബസങ്കല്പം - ജനപ്പെരുപ്പം കൊണ്ടുണ്ടാകുന്ന ഭവിഷ്യത്തുകൾ-വിഭവശോഷണം, ജീവിത ഗുണനിലവാരത്തിലുണ്ടാകുന്ന തകർച്ച.

4. സ്ത്രീ സമത്വം: സ്ത്രീ സ്വാതന്ത്ര്യം, തീരുമാനങ്ങൾ എടുക്കുന്നതിലും വികസന പ്രവർത്തനത്തിങ്ങളിലും സ്ത്രീ പങ്കാളിത്തം, സ്ത്രീകളുടെ വിവാഹപ്രായം, തുല്യവേതനം, സ്ത്രീധന നിരോധനം തുടങ്ങിയവയെ സംബന്ധിച്ച നിയമങ്ങൾ.

5. ശാസ്ത്രസാങ്കേതിക വികസനം: വാർത്താ വിനിമയം, ഗതാഗതം, വൈദ്യസഹായം തുടങ്ങിയവയുടെ വികസനത്തിൽ ശാസ്ത്രത്തിനുള്ള പങ്ക്, ശാസ്ത്ര വിഷയത്തിൽ താൽപര്യം ഉണർത്തുന്നതിനുവേണ്ട മനോഭാവം വളർത്തിയെടുക്കുക.

6. ആരോഗ്യം: പ്രതിരോധ കുത്തിവയ്പ്, പ്രസവശുശ്രൂഷ, ശിശുസംരക്ഷണം, വീടും പരിസരവും വൃത്തിയായി സൂക്ഷിക്കേണ്ടതിൻെറ ആവശ്യകത, ജലം, ആഹാരം തുടങ്ങിയവയുടെ മലിനീകരണം കൊണ്ടുണ്ടാകുന്ന രോഗങ്ങൾ

7. താമസിക്കുന്ന സ്ഥലം ജില്ല, സംസ്ഥാനം എന്നിവയെ പറ്റിയുള്ള അറിവ് (Map Reading)

8. സ്ത്രീകളും ദുർബല വിഭാഗങ്ങളും നിയമ സാക്ഷരത നേടിയിരിക്കേണ്ടതിൻെറ ആവശ്യകത, പ്രാധാന്യം.

PL-1 പൂർത്തിയാക്കുന്ന പഠിതാക്കൾ താഴെപ്പറയുന്ന നിലവാരം നേടിയിരിക്കണം. ഇവ മുന്നിൽ കണ്ടുകൊണ്ടാണ് മൂല്യനിർണയം നടത്തുന്നതിനാവശ്യമായ മാതൃകാ മൂല്യനിർണയപത്രിക തയ്യാറാക്കിയിരിക്കുന്നത്. ഇതിനോടൊപ്പം നൽകിയിട്ടുള്ള മാതൃകാ പത്രികയുടെ അടിസ്ഥാനത്തിലായിരിക്കും അവസാന മൂല്യനിർണയം നടത്തുവാനുള്ള മൂല്യനിർണയ പത്രിക തയ്യാറാക്കുന്നത്. PL - 1 പൂർത്തിയാക്കുമ്പോൾ നവസാക്ഷരൻ സ്വന്തമായി വായിക്കുവാനുള്ള നിലവാരത്തിലേയ്ക്ക് എത്തേണ്ടതാണ്. മാത്രമല്ല, കണക്കു കൂട്ടുവാനും എഴുതുവാനും വായിച്ചു മനസ്സിലാക്കുവാനും ആശയപ്രകാശനം ചെയ്യുവാനുമുള്ള ശേഷി കൈവരിച്ചിരിക്കണം.

1. വായന: കൂട്ടക്ഷരങ്ങൾ വേഗത്തിൽ വായിക്കാനുള്ള കഴിവ്, വൃത്തിയായി എഴുതിയ കൈയ്യെഴുത്തുകൾ വായിക്കാനുള്ള കഴിവ്, നവസാക്ഷരർക്കുവേണ്ടിയുണ്ടാക്കിയ വാർത്താ പത്രികകളും ലഘുപുസ്തകങ്ങളും വായിക്കാനുള്ള കഴിവ്.

2. എഴുത്ത് : ആവശ്യമായ ചിഹ്നങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് കേട്ടെഴുതുവാനുള്ള കഴിവ്, ലഘുവും ദൈനംദിന ജീവിതത്തിനാവശ്യമുള്ളതുമായ ഫോറങ്ങൾ പൂരിപ്പിക്കാനുള്ള കഴിവ്.

3. കണക്കു കൂട്ടൽ: ആയിരം വരെയുള്ള പൂർണ്ണസംഖ്യ മനസ്സിലാക്കാനും എഴുതുവാനുമുള്ള കഴിവ്, അക്കങ്ങളുടെ സ്ഥാനനിർണയം, മൂന്നക്ക സംഖ്യകൾ കൂട്ടുവാനുംകുറക്കുവാനുമുള്ള കഴിവ് (with carry and borrow), ദൈനംദിന ജീവിതത്തിനാവശ്യമായകൂട്ടൽ,കിഴിക്കൽ (കുറയ്ക്കൽ) എന്നിവ ചെയ്യാനുള്ള കഴിവ്, ഗുണനം ചെയ്യാനുള്ള കഴിവ്, 2 മുതൽ 10 വരെയുള്ള ഗുണന പട്ടികകൾ കാണാതെ എഴുതുവാനുള്ള കഴിവ്, ഉപയോഗം, ഹരിക്കുവാനുള്ള കഴിവ്, ദൈനംദിന ജിവിതത്തിലാവശ്യമായ രൂപ, പൈസ എന്നിവ കണക്കാക്കാനുള്ള അറിവ്, ദൈർഘ്യം അളക്കുന്നതിനുള്ള അറിവ്, (മീറ്റർ,സെ:മീ) തൂക്കത്തിൻെറ അളവ് (കി.ഗ്രാം, ഗ്രാം) വ്യാപ്തം അളവ് (ലിറ്റർ, മില്ലി ലിറ്റർ) കലണ്ടർ നോക്കുവാനുള്ള കഴിവ്, തുടങ്ങിയവ. ഭാഗങ്ങളാക്കാനുള്ള കഴിവ്, ദശാംശ ചിഹ്നങ്ങൾ ഉപയോഗിക്കാനുള്ള കഴിവ്.

4. പൊതുവിജ്ഞാനം: ദൈനംദിനജീവിതത്തിനുപകരിക്കുന്ന രാജ്യം, സംസ്ഥാനം, ലോകംഎന്നിവയെക്കുറിച്ചുള്ള അറിവ്. പുതിയ കണ്ടുപിടിത്തങ്ങൾ, അവയ്ക്ക് ദൈനംദിന ജീവിതത്തിലുള്ള പങ്ക് തുടങ്ങിയവ.

5. പുസ്തകങ്ങൾ വായിച്ച് മനസ്സിലാക്കാനും വായനയിലൂടെ ആർജിച്ച ആശയങ്ങൾ പ്രകടിപ്പിക്കുവാനുമുള്ള കഴിവ്.

6. പദസമ്പത്ത് : ദൈനംദിന ജീവിതത്തിലുപകരിക്കുന്ന ആരോഗ്യം, കൃഷി തുടങ്ങിയവയെസംബന്ധിച്ച് പ്രാദേശികമായി ഉപയോഗിക്കുന്ന പദങ്ങളും അവയുടെ തുല്യമായ സാങ്കേതിക പദങ്ങളെയും കുറിച്ചുള്ള അറിവ്.

മേൽപ്പറഞ്ഞ കാര്യങ്ങളെ കൂടാതെ ഓരോ നവസാക്ഷരനിലും ഉണ്ടായ ഗുണപരമായ വ്യതിയാനങ്ങൾക്കും മൂല്യനിർണയത്തിൽ അർഹമായ പരിഗണന നൽകിയിട്ടുണ്ട്. ഒന്നാംഘട്ടത്തിൽ നിഷ്കർഷിച്ച 70 ശതമാനം മാർക്ക് എന്നതിനു പകരം രണ്ടാംഘട്ടത്തിലെ മൂല്യനിർണയത്തിൽ 60 ശതമാനത്തിലോ അതിൽ കൂടുതലോ മാർക്കു ലഭിക്കുന്ന നവസാക്ഷരരെ മാത്രമെ വിജയിച്ചതായി പ്രഖ്യാപിക്കുകയുള്ളു. ഇൻസ്ട്രക്ടറുടെ സാന്നിദ്ധ്യത്തിൽ മൂല്യനിർണയം നടത്തുന്നതിന് പ്രത്യേകം ആൾക്കാരെ നിയോഗിക്കുന്നതാണ്. മൂല്യനിർണയം നടത്തുന്നതിന് ആവശ്യമുള്ള വിശദമായ നിർദ്ദേശങ്ങൾ മൂല്യ നിർണയ പത്രികയോടനുബന്ധിച്ച് ചേർത്തിട്ടുണ്ട്.

11423.

# മൂല്യനിർണയ പത്രിക
# തിരുത്തലുകളും കൂടുതൽ വിവരങ്ങളും

ഇതിനോടൊപ്പം ഉൾക്കൊള്ളിച്ചിട്ടുള്ള മൂല്യനിർണയ പത്രിക ഒരു മാതൃക മാത്രമാണ്. ഇതുകൊണ്ട് പ്രധാനമായും ഉദ്ദേശിക്കുന്നത് അവസാന മൂല്യനിർണയ പത്രികയുടെ രൂപവും ഭാവവും പഠിതാക്കളെ മനസ്സിലാക്കിക്കലാണ്. ഇനിയുള്ള ക്ലാസുകൾ ഈ മൂല്യനിർണയ പത്രികയുടെ അടിസ്ഥാനത്തിൽ പഠിപ്പിക്കുമ്പോൾ ക്ലാസുകൾ വളരെ കൂടുതൽ കാര്യക്ഷമമാവുകയും പഠിതാക്കളിൽ കൂടുതൽ ജിജ്ഞാസ വളർത്തുകയും ചെയ്യും. മാതൃകാ മൂല്യനിർണയ പത്രികയിൽ ഒന്നു രണ്ടു തെറ്റുകൾ കടന്നു കൂടിയിട്ടുണ്ട്. ഈ പത്രികയുടെ അച്ചടി കഴിഞ്ഞുപോയതുകൊണ്ട് പഠനകേന്ദ്രങ്ങളിൽ പത്രികകൾ പ്രകാരം പഠിപ്പിക്കുമ്പോൾ താഴെ പറയുന്ന കാര്യങ്ങൾ കൂടി പരിഗണിക്കേണ്ടതാണ്. ജനുവരി മാസം 17,18 തീയതികളിൽ എറണാകുളത്തുവച്ച് നടന്ന കീ-റിസോഴ്സ് പേഴ്സൺസ് പരിശീലനത്തിൽഉരുത്തിരിഞ്ഞുവന്ന അഭിപ്രായങ്ങളാണ് താഴെ പറയുന്നത്. അവസാന മൂല്യനിർണയ പത്രികയിൽ ഉൾക്കൊള്ളിക്കാവുന്ന എല്ലാ അഭിപ്രായങ്ങളും വേണ്ടവിധം പരിഗണിക്കാവുന്നതാണ്. റിസോഴ്സ് പേഴ്സൺസ്, മാസ്റ്റർ ട്രെയിനർ, ഇൻസ്ട്രക്ടർതല പരിശീലനങ്ങൾ വളരെ വേഗത്തിൽ പൂർത്തിയാക്കേണ്ടതുള്ളതുകൊണ്ട് എല്ലാ അഭിപ്രായങ്ങളും മാതൃകാ മൂല്യനിർണയ പത്രികയിൽ ഉൾപ്പെടുത്തുവാൻ സാധിക്കുകയില്ലെന്ന് പറയേണ്ടതില്ലല്ലോ. ഇനി നടക്കുന്ന പരിശീലനങ്ങളിൽ താഴെ പറയുന്ന കാര്യങ്ങൾ വേണ്ടവിധത്തിൽ പരിഗണിക്കേണ്ടതാണ്.

1. ഒന്നാംപേജിൽ പഠിതാവിന്റെ പേരും മേൽവിലാസത്തിന്റെ കൂടെ അയാളുടെ വയസും ക്ലാസ് കോഡും അവസാന മൂല്യനിർണയ പത്രികയിൽ ഉൾപ്പെടുത്തുന്നതാണ്.
2. ഭാഗം I (എഴുത്ത്) എന്നതിൽ മൂന്നാമത്തെ ചോദ്യത്തിൽ പഴഞ്ചൊല്ല് എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് കടങ്കഥയാണ്.
3. ഭാഗം I (ഗണിതത്തിൽ) നോട്ടീസിന് ചിലവായ തുക 15 രൂപ എന്ന് മാറ്റണം. അല്ലെങ്കിൽ ആകെ അടക്കേണ്ട തുക 1810 എന്ന് നിർദ്ദേശത്തിൽ കാണിച്ചിട്ടുള്ള ഉത്തരത്തിൽ മാറ്റിയാലും മതി.
4. അതേ ഭാഗത്തിൽ 8-ാമത്തെ ചോദ്യത്തിൽ പലിശ ഇനത്തിൽ ഒരു വർഷത്തേക്ക് എത്ര രൂപ കൊടുക്കണം എന്നാക്കണം.
5. ഭാഗം IV (പൊതുവിജ്ഞാനത്തിൽ) ആറാം ചോദ്യത്തിൽ കൊടുത്തിരിക്കുന്ന പേരുകളിൽ കൊളമ്പസിനു പകരം വാഷിംഗ്ടൺ എന്ന് ആക്കുന്നത് നന്നായിരിക്കും. കാരണംമറ്റു രണ്ടു പേരുകളും പ്രസിഡൻറുമാരുടേതാണ്.
6. അതേ വിഭാഗത്തിൽ 7-ാമത്തെ ചോദ്യത്തിനുത്തരം ന്യൂഡൽഹി എന്നാക്കുക. അല്ലെങ്കിൽ ഇന്ത്യയുടെ എന്നതിനു പകരം കേരളത്തിന്റെ എന്ന് ചോദ്യം മാറ്റുക.
7. പേജ് നമ്പർ 15-ൽ ഗ്രൂപ്പ് A യിൽ കാണിച്ചിരിക്കുന്ന പദ്യത്തിന്റെ ആദ്യവരി "ഭാരതമെന്ന പേരു കേട്ടാലഭിമാന-"എന്ന് തിരുത്തി വായിക്കണം. ആദ്യത്തെ 4 വരി വരികളാണ് പദ്യഭാഗം.
8. 16-ാം പേജിൽ ഗ്രൂപ്പ് B യിൽ6-ാം ചോദ്യത്തിലെ ഏറ്റവും വലിയ ദേശീയപാത എന്നത് ഏറ്റവും നീളം കൂടിയ ദേശീയപാത എന്നാക്കണം.
9. 18-ാം പേജിൽ ഗ്രൂപ്പ് B യിൽ 9-ാമത്തെ ചോദ്യത്തിൽ "കുടിർ ജ്യോതി" എന്നത് "കുടിൽ ജ്യോതി" എന്നാക്കണം.
10. POLIS-12 ഫോറത്തിൽ മൂല്യനിർണയത്തിൽ പങ്കെടുത്ത എല്ലാ പഠിതാക്കളുടേയും പേരും ലഭിച്ച മാർക്കും ചേർത്തിരിക്കണം.

Printed at Ayodhya Printers Kochi-26 .'6

PL-INST. JAN'93

# കേരള സാക്ഷരതാ സമിതി

## സാക്ഷരതാ യജ്ഞം
## രണ്ടാംഘട്ടം

11423.
12497

എം.ടി./ഐ.ടി.മാർക്കുള്ള പരിശീലന കുറിപ്പുകൾ
(മൂല്യനിർണ്ണയം, അക്ഷരസംഘം, ജനവിദ്യാകേന്ദ്രം)

Indic Digital Archive Foundation
gpura.org